# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.9-913/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-പി.9-913/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 23-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.സി.ജ്യോതിമോൻ, ഓഡിറ്റ് ഓഫീസർ

ശ്രീ.പുഷ്പരാജ്.വി.കെ .അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.എ.ഡി.ബീന,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| അഡ്വ. പി.എസ്.ജ്യോതിസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.മഞ്ജുള.കെ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. പി.സി.സേവ്യർ | സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീ. സുനിൽകുമാർ.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2020 | 29-06-2020 |
| ശ്രീ.അബ്ദുൾ ഖാദർ.എ | സെക്രട്ടറി | 30-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സമീറ | കൃഷി ഓഫീസർ | 01-04-2020 | 13-10-2020 |
| ശ്രീ.രജി.ജി.വി | കൃഷി ഓഫീസർ | 14-10-2020 | 31-03-2021 |
| ഡോ.അമ്പിളി.എ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.കെ.ജെ.യേശുദാസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.കെ.വി.മോഹൻദാസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-12-2020 |
| ഡോ.ബലരാജ്.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 05-01-2021 | 31-03-2021 |
| ഡോ.സ്മിത വിൽസൺ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. നീതു.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബീനമോൾ | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. സിനി.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.ഹാഷിഫ്.എച്ച് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തണ്ണീർമുക്കം | 01-04-2020 | 04-11-2020 |
| ശ്രീ.അഭിലാഷ്. പി.ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തണ്ണീർമുക്കം | 05-11-2020 | 31-12-2020 |
| ശ്രീമതി.അമ്പിളി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, തണ്ണീർമുക്കം | 01-01-2021 | 31-03-2021 |
| ശ്രീമതി.സ്മിത.ടി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മുട്ടത്തിപ്പറമ്പ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ആശാലത വിജയൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കൊക്കോതമംഗലം | 01-04-2020 | 11-09-2020 |
| ശ്രീ.സുനിൽരാജ്.പി.വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കൊക്കോതമംഗലം | 14-09-2020 | 31-03-2021 |
| ശ്രീമതി.രശ്മി മാനുവൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ലീന ഡെന്നിസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ. സുനിൽകുമാർ.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 20.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി മെഡിക്കൽ ഓഫീസർ, ഹോമിയോ 1.1.2021 മുതൽ 4.1.2021 വരെ ഒഴിവ്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കൊക്കോതമംഗലം 12.9.2020 മുതൽ 13.9.2020 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-1 |
| 2 | ബജറ്റിന്റെ അവലോകനം<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക -ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-2-1 |
| 5 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം<br>Written By: A.D.Beena (Asst. Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-5 |
| 8 | സാമ്പത്തിക വിശകലനം<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-6 |
| 9 | തൊഴിലുറപ്പുപദ്ധതി<br>Written By: C.C Jyothimon (Audit Officer, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-7 |
| 10 | ക്ഷേമപദ്ധതികൾ<br>Written By: Lekha (Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-8 |
| 11 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 17-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-9 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Pushparaj V.K (Asst. Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-10 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-11 |
| 14 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-12 |
| 15 | കടമുറികളുടെ വാടകയിൽ വൻ കുടിശ്ശിക<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-13 |
| 16 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 1-14 |
| 17 | വാഹനവാടക-എൽ.എസ്.ജി.ഡി.- തുക അധികം നൽകി<br>Written By: A.D.Beena (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-15 |

| | | |
|---|---|---|
| 18 | സുഭിക്ഷകേരളം- പച്ചക്കറികൃഷി - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-16 |
| 19 | സാന്ത്വനം - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-17 |
| 20 | ഫലവൃക്ഷതൈ വിതരണം - അപാകതകൾ<br>Written By: A.D.Beena (Asst. Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-18 |
| 21 | സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകി<br>Written By: Lekha (Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-19 |
| 22 | ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 12-01-2022) | 1-20 |
| 23 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമായില്ല<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-21 |
| 24 | വാരനാട് സ്കൂൾ ഓഡിറ്റോറിയം റീ-വയറിംഗ് ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്തില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-22 |
| 25 | ഐ.കെ.എം. വിഹിതം നൽകൽ- രേഖകൾ ലഭ്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-23 |
| 26 | പരസ്യ ചാർജ്- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടുന്നില്ല പഞ്ചായത്തിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-24 |
| 27 | ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല<br>Written By: Lekha (Auditor, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-25 |
| 28 | സുഭിക്ഷ കേരളം-മുട്ടക്കോഴി വളർത്തൽ-രേഖകൾ ലഭ്യമല്ല- ചെലവ് തുക<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-26 |
| 29 | സുഭിക്ഷ കേരളം-താറാവ് വിതരണം- അധിക തുക ചെലവഴിച്ചു- പഞ്ചായത്തിന് നഷ്ടം.<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-27 |
| 30 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-28 |
| 31 | കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്<br>Written By: C.C Jyothimon (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-29 |
| 32 | ഡിസ്പ്ലേ ബോർഡുകൾക്ക് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നില്ല<br>Written By: C.C Jyothimon (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 10-01-2022) | 1-30 |
| 33 | വാരനാട് എൽ.പി. സ്കൂൾ അറ്റകുറ്റപ്പണി- അധികചെലവ്<br>Written By: C.C Jyothimon (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-31 |

| | | |
|---|---|---|
| 34 | ഇ-ടെണ്ടർ ഫീസ്<br>Written By: C.C Jyothimon (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-32 |
| 35 | ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-<br>Written By: Pushparaj V.K (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-33 |
| 36 | വിവിധ ശീർഷകങ്ങളിൽ ഫണ്ടുകൾ ചെലവഴിക്കാതവശേഷിക്കുന്നു.<br>Written By: Pushparaj V.K (Asst. Audit Officer, On 28-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 1-34 |
| | ഭാഗം **2** | |
| 1 | സ്ഥാപനനികുതി ഒടുക്കിയിട്ടില്ല<br>Written By: Lekha (Auditor, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 2-1 |
| | ഭാഗം **3** | |
| 1 | വാരനാട് സ്കൂൾ ഓഡിറ്റോറിയം റീ-വയറിംഗ് ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്തില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 23-02-2022) | 3-1 |
| 2 | പരസ്യ ചാർജ്- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടുന്നില്ല പഞ്ചായത്തിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 3-2 |
| 3 | സുഭിക്ഷ കേരളം-മുട്ടക്കോഴി വളർത്തൽ-രേഖകൾ ലഭ്യമല്ല- ചെലവ് തുക നിരാകരിക്കുന്നു<br>Written By: Pushparaj V.K (Asst. Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 10-01-2022) | 3-3 |
| 4 | വാഹനവാടക-എൽ.എസ്.ജി.ഡി.- തുക അധികം നൽകി<br>Written By: A.D.Beena (Asst. Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 3-4 |
| 5 | സുഭിക്ഷ കേരളം-താറാവ് വിതരണം- അധിക തുക ചെലവഴിച്ചു- പഞ്ചായത്തിന് നഷ്ടം<br>Written By: Pushparaj V.K (Asst. Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 3-5 |
| 6 | വാരനാട് എൽ.പി. സ്കൂൾ അറ്റകുറ്റപ്പണി- അധികചെലവ്<br>Written By: C.C Jyothimon (Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 06-01-2022) | 3-6 |
| 7 | സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകി<br>Written By: Rajeev R (Deputy Director, On 05-01-2022)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 3-7 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.C Jyothimon (Audit Officer, On 24-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.C Jyothimon (Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 05-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 24.3.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 33,25,13,072 | 32,85,77,000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 26,72,87,688 | 28,60,95,022 |

### 1-1-1 ബജറ്റിന്റെ അവലോകനം

2020-21 വർഷത്തെ ബജറ്റ് 24.03.2020ന് പാസാക്കിയിട്ടുണ്ട്. ബജറ്റ്, പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.) 3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2. ബജറ്റ് മാന്വലിലെ ഖണ്ഡിക 2.6 Viii പ്രകാരം വിശദമായ ചർച്ചയ്ക്ക് ശേഷം മാത്രമേ ബഡ്ജറ്റ് പാസാക്കുവാൻ പാടുള്ളൂ. എന്നാൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനും പാസാക്കുന്നതിനുമായി 23.03.2020, 24.03.2020 എന്നീ തീയതികളിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക യോഗങ്ങളിൽ ബജറ്റുമായി ബന്ധപ്പെട്ട് ചർച്ച നടന്നതായി രേഖപ്പെടുത്തലില്ല.

3. ബജറ്റിൽ തുക വകയിരുത്തിയില്ല

താഴെപ്പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾക്ക് പഞ്ചായത്ത് 2020-21 വർഷത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതായും ചെലവ് ചെയ്തിട്ടില്ലാത്തതായും കാണുന്നു.

| ക്രമ നമ്പർ | ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ഹെഡ് | ഹെഡിന്റെ വിവരണം |
|---|---|---|
| 1. | 2503010 | വ്യവസായ സഹകരണ മേഖല |
| 2. | 2503014 | പരമ്പരാഗത കൈതൊഴിലുകൾ |
| 3. | 2516201 | ഊർജ്ജ സംരക്ഷണം |

4.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല .

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

5.ബജറ്റിന്റെ പരിശോധന

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2020-21 ലെ പഞ്ചായത്ത് ബജറ്റ് 2020 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

6.ആസ്തി സൃഷ്ടിക്കൽ

ബജറ്റിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്നും വ്യത്യസ്തമായി ആസ്തികൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | (പ്രകാരം) | |
| 1. | 4103001 | റോഡുകൾ | 1,50,00,000 | 2,42,85,194 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ വളരെ കൂടുതൽ ചെലവ് |

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 10, തീയതി 16.10.2021) ലഭ്യമാക്കിയ മറുപടിയിൽ പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ അടുത്ത വർഷം മുതൽ തയ്യാറാക്കുന്നതാണെന്നും വിശദമായ ബജറ്റ് ചർച്ചകളും പ്രതിമാസ അവലോകനങ്ങളും നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചവിധമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികരിച്ച് ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 17.05.2021 ന് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്.

## 1-2-1 വാർഷിക ധനകാര്യ പത്രിക -ന്യൂനതകൾ

1. ട്രഷറി (ഓൺ ഫണ്ട്) വി.പി.എഫ്.എ1-3 എന്ന അക്കൌണ്ടിൽ 31.03.2021-ൽ 160.40 രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഈ അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റോ, ട്രഷറിയിൽ നിന്നുള്ള സ്റ്റേറ്റ്മെന്റോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
2. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-7 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലുള്ള തൻവർഷത്തെ ചെലവിനായി പിൻവലിച്ചിട്ടുള്ള വരവ് 8769162/- രൂപയാണെന്ന് കാണുന്നു. എന്നാൽ എ.സി.ആർ പ്രകാരം ഈയിനത്തിലുള്ള ചെലവ് 9770705/- രൂപയാണ്.
3. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം ലൈഫ് മിഷൻ സംസ്ഥാന വിഹിതം ഇനത്തിലുള്ള തൻവർഷത്തെ ചെലവിനായി പിൻവലിച്ചിട്ടുള്ള വരവ് 4159000/-രൂപയാണ്. എന്നാൽ തൻവർഷത്തെ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ 4339000/- രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.
4. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Rent Receivables From Buildings (Current) ഇനത്തിൽ തൻവർഷത്തെ വരവായി രേഖപ്പെടുത്തിയിരിക്കുന്ന തുക 455111/-രൂപയാണ്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള വരവ് 571525/- രൂപയാണ്.
5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം Rent Receivables From Buildings (Current) ഇനത്തിൽ തൻവർഷം ലഭിക്കാനുള്ള കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന തുക 271009/-രൂപയാണ്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ലഭിക്കാനവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന തുക 203849/- രൂപയാണ്.
6. വാടക രജിസ്റ്ററിൽ കുടിശ്ശിക വാടക സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തൻവർഷ വരവ്, ലഭിക്കാനവശേഷിക്കുന്ന തുക എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.
7. രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 പ്രകാരം Receivables For Profession Tax-Instituition/Professionals/Traders (Arrears) എന്നയിനത്തിൽ 21410/-രൂപ വരവുണ്ട്. എന്നാൽ മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ കുടിശ്ശികയൊന്നും ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.
8. Profession Tax-Employees എന്നയിനത്തിന്റെ രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഈയിനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
9. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-1, രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-43 എന്നിവ പ്രകാരം Receivables For Profession Tax-Instituition/Professionals/Traders (Current) എന്നയിനത്തിൽ

തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ എന്നിവ 459360/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷത്തെ ഡിമാന്റ് 410310/-രൂപയും തൻവർഷത്തെ വരവ് 398510/- രൂപയുമാണ്. രജിസ്റ്റർ പ്രകാരം ഈയിനത്തിൽ 11800/-രൂപ ബാലൻസ് ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം ഈയിനത്തിൽ തുകയൊന്നും ലഭിക്കാൻ അവശേഷിക്കുന്നില്ല.

10. ആസ്തി രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

11. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 35789296 | 35789296 | 6340732 | 23113280 | 6335284 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 5425899 | 5425899 | 58588 | 4681481 | 685830 (ലാപ്സ്ഡ്) |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 653000 | 653000 | 14627 | 534750 | 103623 (ലാപ്സ്ഡ്) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 8848000 | 8848000 | 00 | 9770705 | -922705 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 6959885 | 6959885 | 00 | 6959885 | 00 (ലാപ്സ്ഡ്) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 30908301 | 30908301 | 00 | 20427196 | 10481105 (ലാപ്സ്ഡ്) |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സംരക്ഷണ ഗ്രാൻറ് (റോഡ്) ഇനത്തിലുള്ള ചെലവ് 9770705/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ചെലവ് 8769162/-രൂപയാണ്.

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2020-21 | 262 | 26,11,21,527 | 205 | 11,13,29,140 | 29 | 28 | 78.24 |

## 1-6 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 71638000 |
| വരവ് | 138157574 |
| ആകെ | 209795574 |
| ചെലവ് | 139952620 |
| നീക്കിയിരിപ്പ് | 69842954 |

| | |
|---|---|
| വരവിനങ്ങളിലെ നഷ്ടം | 38750 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105657 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2316425 |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4143 | 1896228 | 1900371 | 1889000 | 11371 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 00 | 107238823 | 107238823 | 107238823 | 00 |
| ആകെ | 4143 | 109135051 | 109139194 | 109127823 | 11371 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 177120 | 259 |
| കർഷകതൊഴിലാളി പെൻഷൻ | 5762100 | 381 |
| വിധവാ പെൻഷൻ | 16127700 | 1127 |
| വാർദ്ധക്യകാല പെൻഷൻ | 33179900 | 2521 |
| വികലാംഗപെൻഷൻ | 8938000 | 607 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 2026900 | 98 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 450000 | 10 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.10.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11294/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ

123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെങ്കിലും നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
5. വിവിധ നികുതിയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി വർഷാവസാനം സംക്ഷിപ്ത വിവരം രേഖപ്പെടുത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. വാടക സംബന്ധിച്ച രജിസ്റ്ററിൽ വാടക ഈടാക്കിയ രസീത് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള അസ്സെസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള 11 മൊബൈൽ ടവറുകളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ 6 ടവറുകളുടെ നികുതി 2020-21 ൽ ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം/ കെട്ടിട നം | ടവർ | കുടിശ്ശിക |
|---|---|---|
| 4/266 | എയർടെൽ ടവർ | 5538 |
| 4/99 | ടവർ | 4140 |
| 21/659 | സബ്ഡിവിഷണൽ എൻജിനീയർ, (ബി.എസ്.എസ്2) | 6900 |
| 17/177 | റിലയൻസ് | 2300 |
| 22/89 | ഭാരതി ഇൻടടെൽ ലിമിറ്റഡ് | 7022 |
| 5/310 | റിലയൻസ് കമ്മ്യൂണിക്കേഷൻ | 847 |
| ആകെ | | 26747 |

ഇതിൽ സബ് ഡിവിഷണൽ എൻജിനീയർ,(ബി.എസ്.എസ് 2)ന്റെ ഉടമസ്ഥതയിലുള്ള ടവറിന് 2013-14 മുതൽ വസ്തുനികുതി കുടിശ്ശികയാണ്. നികുതി ഈടാക്കുന്നതിന് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(19/21.10.2021) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവറുകളുടെ വസ്തു നികുതി യഥാസമയം ലഭിക്കാത്തത് വലിയരീതിയിൽ തനതു വരുമാനം നഷ്ടപ്പെടുത്തുന്നു. വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച് മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന ഡിമാന്റും 2020-21 ലെ തൊഴിൽ നികുതി റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമനം | സ്ഥാപനം | റിമാർക്ക്സ് |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീകണ്ഠമംഗലം ക്ഷീരോല്പ്പാദക സഹകരണ സംഘം -94 D | രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയില്ല |
| 2 | കൊക്കോതമംഗലം മിൽമ സൊസൈറ്റി A150D | ,, |
| 3 | വാരണം പുത്തനങ്ങാടി മിൽമ സൊസൈറ്റി 139D | ,, |
| 4 | തണ്ണീർമുക്കം ക്ഷീരോല്പ്പാദക സഹകരണസംഘം -287D | ,, |
| 5 | വാരണാട് ക്ഷീരോല്പ്പാദക സഹകരണസംഘം -175 D | 1-ാം അർദ്ധവർഷം അടച്ചിട്ടില്ല |
| 6 | കട്ടച്ചിറ കയർ സഹകരണ സംഘം A 731 | രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയില്ല |
| 7 | ചെങ്ങണ്ട കയർ സഹകരണ സംഘം നം.A555 | ,, |
| 8 | പ്രിയദർശിനി വനിത കയർ വ്യവസായ സംഘം നം.935 | ,, |
| 9 | ഇസാഫ് സ്വാശ്രയ അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റി | ,, |
| 10 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് | രണ്ട് അർദ്ധ വർഷങ്ങളിലും ഈടാക്കിയില്ല |
| 11 | ട്രാവൻകൂർ മാറ്റ്സ് & മാറ്റിംഗ്സ് ചേർത്തല | ,, |
| 12 | നന്മ സ്റ്റോർ,തണ്ണീർമുക്കം | ,, |
| 13 | ത്രിവേണി സൂപ്പർമാർക്കറ്റ്,വാരനാട് | ,, |
| 14 | പോസ്റ്റ് മാസ്റ്റർ ഓഫീസ്, മരുത്തോർവട്ടം | 1-ാം അർദ്ധ വർഷം അടച്ചിട്ടില്ല |
| 15 | പോസ്റ്റ് മാസ്റ്റർ ഓഫീസ്, മുട്ടത്തിപ്പറമ്പ് | 2-ാം അർദ്ധവർഷം അടച്ചിട്ടില്ല |
| 16 | തണ്ണീർമുക്കം ഹൌസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി A- 681 | 1-ാം അർദ്ധ വർഷം അടച്ചിട്ടില്ല |
| 17 | എച്ച്.ഡി.എഫ്.സി.ബാങ്ക് | 2-ാം അർദ്ധ വർഷം അടച്ചിട്ടില്ല |
| 18 | എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, കാളികുളം, വാരനാട് | 2-ാം അർദ്ധ വർഷം അടച്ചിട്ടില്ല |
| 19 | വാരണം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A1317 | 2-ാം അർദ്ധ വർഷം അടച്ചിട്ടില്ല |

കൂടാതെ താഴെ കൊടുത്തിരിക്കുന്നവരിൽ നിന്നും നികുതി ഈടാക്കിയില്ല.
1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന അംഗീകൃത കരാറുകാർ
2) റേഷൻ കടയുടമകൾ 3) സി.ഡി.എസ് അക്കൌണ്ടന്റ്

ll.സ്ഥാപന നികുതി ഈടാക്കിയിട്ടില്ല
പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന തുക |
|---|---|---|---|
| 1 | എസ്.ബി.ഐ വാരനാട് | 1 & 2 | 2500 |
| 2 | തണ്ണീർമുക്കം ഹൌസിംഗ് സഹകരണ സംഘം A681 | 1&2 | 2500 |
| 3 | തണ്ണീർമുക്കം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A809 | 1&2 | 2500 |
| 4 | വാരനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A1248 | 1&2 | 2500 |
| 5 | വാരണം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A1317 | 2-ാം അർദ്ധവർഷം | 1250 |
| 6 | ചെങ്ങണ്ട കയർ സഹകരണ സംഘം നം.A 555 | 1&2 | 2500 |
| 7 | കൊക്കോതമംഗലം മിൽമ സൊസൈറ്റി A150D | 1&2 | 2500 |
| 8 | വാരണം പുത്തനങ്ങാടി മിൽമ സൊസൈറ്റി139D | 1&2 | 2500 |
| 9 | തണ്ണീർമുക്കം ക്ഷീരോല്പ്പാദക സഹകരണസംഘം -287D | 1&2 | 2500 |
| 10 | കട്ടച്ചിറ കയർ സഹകരണ സംഘം നം 731 | 1&2 | 2500 |
| 11 | വാരനാട് സർവ്വീസ് സഹകരണ സംഘം നം 1248 | 1&2 | 2500 |
| 12 | പ്രിയദർശിനി വനിത കയർ വ്യവസായ സംഘം നം.935 | 1&2 | 2500 |
| 13 | ഇസാഫ് സ്വാശ്രയ അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റി | 1&2 | 2500 |
| 14 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് | 1&2 | 2500 |
| | ആകെ | | 38750 |

2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (8/13.10.2021) നൽകിയതിന് മറുപടിയായി നികുതി അടയ്ക്കാൻ ബാധ്യസ്ഥവരായരിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ കൃത്യമായി പിരിച്ചെടുക്കേണ്ടതാണ്.

## 1-13 കടമുറികളുടെ വാടകയിൽ വൻ കുടിശ്ശിക

പഞ്ചായത്തിലെ വാടക സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ 2020-21 വർഷത്തെ വാടകയിനത്തിൽ ചുവടെ ചേർത്തിരിക്കുന്ന കടമുറികളുടെ വാടകയിൽ കുടിശ്ശിക നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര്/കെട്ടിടം | കുടിശ്ശിക |
|---|---|---|
| 1 | സനൽ, കിഴക്കേ അച്ചൻ കോവിൽ, തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ്, | 1278*12=15336 |
| 2 | ശാന്ത, കണ്ടംപള്ളി, തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് | 631*12 = 7512 |
| 3 | രാജേഷ്, പടിഞ്ഞാറെ കൊറ്റിനാട്ട് തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് | 748*12 = 8976 |
| 4 | രജിതാദീപു, വെള്ളിയാകുളം വനിത വിപണനകേന്ദ്രം | 5500*12=66000 |
| 5 | പ്രദീപ്കുമാർ, ജയ നിവാസ്, പുത്തനങ്ങാടി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | 539*12 = 6468 |
| 6 | ശ്രീകാന്ത് മറ്റപ്പള്ളി, പുത്തനങ്ങാടി മാർക്കറ്റ് താൽക്കാലിക സ്ററാൾ | 600*2 = 1200 |
| 7 | വി.എം.സുബോധ്, വാഴച്ചിറ, പുത്തനങ്ങാടി ഷോപ്പിംഗ് കോംപ്ലക്സ് | 756*10 = 7560 |
| 8 | മനോഹരൻ, പുതുമണ്ണേൽ, തണ്ണീർമുക്കം ഷോപ്പിംഗ് കോംപ്ലക്സ് | 621*3 = 1863 |
| 9 | വിലാസിനി, നിലം നികർത്തിൽ, വെള്ളിയാകുളം വനിത വിപണനകേന്ദ്രം | 5179*2 = 10358 |
| | ആകെ | 125273 |

മേൽസുചിപ്പിച്ച വ്യക്തികളുമായി 2020-21 ൽ ചമച്ച കരാർ, ടി വ്യക്തകൾ കുടിശ്ശിക അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം, തുക ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം, ഇതേ വ്യക്തികൾക്കു തന്നെ 2021-22 ലും കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (7/11.102021) നൽകിയതിന് മറുപടിയായി വാടക കുടിശ്ശിക പിഴപലിശസഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടന്നുമാത്രമാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥത യിലുള്ള എട്ട് ഷോപ്പിംഗ് കോംപ്ലക്സുകളിലായി ഏകദേശം 65 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടകക്കാരുമായി 200രൂപ മുദ്രപത്രത്തിൽ ചമച്ച കരാറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കരാർ ചമയ്ക്കാ ത്തത് കുടിശ്ശിക ഈടാക്കുന്നതിന് നിയമസാധുത ഇല്ലാതാക്കുക മാത്രമല്ല സ്റ്റാമ്പ് ഡ്യൂട്ടിയായി സർക്കാരിന് ലഭിക്കേണ്ട വരുമാനവും നഷ്ടപ്പെടുത്തുന്നു. വാടക കുടിശ്ശിക ഈടാക്കി വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3 പട്ടിക 1 പ്രകാരം പാൽ സൊസൈറ്റികൾ (പട്ടിക ക്രമ നം -132), പഞ്ചായത്തിന്റെ ലൈസൻസ് എടുത്തുകൊണ്ട് പ്രവർത്തിക്കേണ്ടവയാണ് പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

1) കോക്കോതമംഗലം ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 150 ഡി,

2) വാരനാട് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 175 ഡി

3) ശ്രീ കണ്ടമംഗലം ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 94ഡി,

4) തണ്ണീർമുക്കം ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 287ഡി

5)വാരണം ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 139 ഡി

മേൽ സൂചിപ്പിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(9/13.10.2021) നൽകിയതിന് മറുപടിയായി സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

## 1-15 വാഹനവാടക-എൽ.എസ്.ജി.ഡി.- തുക അധികം നൽകി

2020-21 സാമ്പത്തികവർഷം തനത് ഫണ്ടിൽ നിന്നും 300000/-രൂപ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത സ്പിൽ ഓവർ പ്രോജക്ടാണ് വാഹനവാടക-എൽ.എസ്.ജി.ഡി.(പ്രോജക്ട് നം -S0165/21). എൽ.എസ്.ജി.ഡി. വിഭാഗത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നു.

ചെലവ് വിവരം

1. ചെക്ക് നം.644661 തീയതി.28.4.20 തുക.74700/-
2. ചെക്ക് നം.2921821 തീയതി. 9.6.20 തുക.80700/-
3. ചെക്ക് നം.2636054 തീയതി. 18.8.20 തുക.57071/-
4. ചെക്ക് നം.2636055 തീയതി. 25.9.20 തുക.33936/-
5. ചെക്ക് നം.2921880 തീയതി. 30.10.20 തുക.26142/-
6. ചെക്ക് നം.5161021 തീയതി. 30.12.20 തുക.27451/-

എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് ആവശ്യത്തിനായി ഒരു വർഷക്കാലയളവിലേക്ക് വാഹനം വാടകയ്ക്ക് ഓടുന്നതിനായി ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഓമനക്കുട്ടൻ.കെ.വി, കണ്ടത്തിൽ, വാരനാടിന്റെ ക്വട്ടേഷൻ 27.11.19 ലെ 19(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഓമനക്കുട്ടൻ.കെ.വിയും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിൽ 2.12.19തീയതിയിൽ 52/AE/LSGD/TKM നമ്പർ കരാർ ചമച്ചിട്ടുണ്ട്. 18.3.20 ലെ തീരുമാനം(1) പ്രകാരം, ഓമനക്കുട്ടൻ.കെ.വിയുടെ KL32J 3252 എന്ന വാഹനം (സ്വിഫ്റ്റ് ഡിസയർ) ശ്യാംജിത്ത് എന്നയാൾക്ക് വിറ്റതിനാൽ, നിലവിലെ കരാർ വ്യവസ്ഥയനുസരിച്ച് വാഹനം വാടകയ്ക്ക് നൽകുന്നതിന് തയ്യാറാണെന്ന് ശ്യാംജിത്ത് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, 2019 ഡിസംബർ 2 മുതലുള്ള വേതനം ശ്യാംജിത്തിന് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ(1) പ്രകാരം, പ്രതിമാസം 1200കി.മീ. പരിധിക്ക് വിധേയമായിട്ടാണ് തുക (1200 കി.മീ. ഓടുന്നതിന് 24900/-രൂപ) അനുവദിക്കുന്നത്. മൂന്നുമാസം കൂട്ടുമ്പോൾ 3600 കി.മീ. അധികരിക്കുകയാണെങ്കിൽ അധികം ഓടുന്ന കിലോ മീറ്ററിന് 18/- രൂപ പ്രകാരം അനുവദിക്കും. കരാർ പ്രകാരം 2.12.19 മുതൽ ഒരു വർഷകാലയളവിലേക്കാണ് വാഹനം വാടകയ്ക്ക് എടുത്തത്. എന്നാൽ ലോഗ്ബുക്ക് രേഖപ്പെടുത്തൽ പ്രകാരം 31.10.20 വരെ മാത്രമാണ് വാഹനം ഉപയോഗിച്ചത്. യാത്രയുടെയും തുക അനുവദിച്ചതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

1.

| മാസം | ഓടിയ ദൂരം (കി.മീ.) | അനുവദ നീയ ദൂരം | അധികരിച്ച ദൂരം | അനുവദിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഡിസംബർ | 1532 | 1200 | 712<br>(4312-3600) | 74700/- | Dec.payment =24900/-<br>Jan.payment =24900/-<br>Feb. Payment =24900/-<br>74700/-<br>(712 കി.മീ. Excess-not Paid) |
| ജനവരി | 1500 | 1200 | | | |
| ഫെബ്രുവരി | 1280 | 1200 | | | |
| ആകെ | 4312 | 3600 | | | |

2)

| മാസം | ഓടിയ ദൂരം | അനുവദ നീയ ദൂരം | അധികരിച്ച | അനുവദിച്ച തുക (ചെക്ക് നം/ | റിമാർക്ക്സ് |
|---|---|---|---|---|---|

| | (കി.മീ.) | (കി.മീ) | ദൂരം (കി.മീ) | തീയതി) | |
|---|---|---|---|---|---|
| മാർച്ച് | 1398 | 1200 | 842<br>(4442-3600) | 80700/-<br>(74700+ 6000) | Payment<br>Mar.=24900/-<br>Apr. =24900/-<br>May.=24900/-<br>74700/-<br>Pre.bal.km =712km<br>Current K.m = 842km<br>Total K.m = 1554km<br>Amt To Be Paid =<br>1554kmx18/-=27972/-<br>Current<br>Payment=6000/-<br>Balance Amt=21972/- |
| ഏപ്രിൽ | 1182 | 1200 | | | |
| മെയ് | 1862 | 1200 | | | |
| ആകെ | 4442 | 3600 | | | |

3)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അനുവദിച്ച തുക(ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|
| ജൂൺ | 1416 | 1200 | 57071/-<br>(44135+12936) | June Payment=24900/-<br>July Payment = 19235/-<br>Total = 44135/-<br>Pre.bal = 21972/-<br>Cur.payment = 12936/-<br>Balance = 9036/- |
| ജൂലൈ | 927 | 1200 | | |
| | | | | |

4)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അനുവദിച്ച തുക(ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|
| ആഗസ്റ്റ് | 1326 | 1200 | 33936/- | August<br>Payment=24900/-<br>Pre.balance =9036/-<br>33936/- |
| ആകെ | | | | |

5)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അധികരിച്ച ദൂരം | റിമാർക്സ് |
|---|---|---|---|---|
| ജൂൺ | 1416 | 1200 | 69 | Balance To Be Paid=69kmx18/- =1242/- |
| ജൂലൈ | 927 | 1200 | | |
| ആഗസ്റ്റ് | 1326 | 1200 | | |
| ആകെ | 3669 | 3600 | | |

6)

| മാസം | ഓടിയ ദൂരം (കി.മീ.) | അനുവദനീയ ദൂരം | അനുവദിച്ച തുക (ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|
| സെപ്റ്റംബർ | 1311 | 1200 | 26142/- | September Payment=24900/-<br>Pre.balance =1242/-<br>26142 /- |
| ആകെ | | | | |

7)

| മാസം | ഓടിയ ദൂരം (കി.മീ.) | അനുവദനീയ ദൂരം | അനുവദിച്ച തുക (ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|
| ഒക്ടോബർ | 1544 | 1200 | 27451/- | October Payment=24900/-<br>Extra Payment =2551/-<br>27451/- |
| ആകെ | | | | |

അപാകതകൾ

1) പട്ടിക ക്രമ നം.2 പ്രകാരം, ഏപ്രിൽ മാസം 1182 കി.മീ. ആണ് വാഹനം ഓടിയത്. ആയതിന് അനുവദിക്കാവുന്ന തുക = 24527/-. എന്നാൽ 24900/- നൽകി. 373/- രൂപ അധികം അനുവദിച്ചു.

2) പട്ടിക ക്രമ നം.7 പ്രകാരം, Extra Payment ഇനത്തിൽ 2551/- രൂപ അനുവദിച്ച് നൽകി. കരാർ പ്രകാരം, മൂന്നുമാസം കൂടുമ്പോൾ 3600 കി.മീ. അധികരിക്കുകയാണെങ്കിൽ അധികം ഓടുന്ന കിലോ മീറ്ററിന് 18/- രൂപ പ്രകാരം അനുവദിക്കും. 2019 ഡിസംബർ മുതൽ ആഗസ്റ്റ് 2020 വരെയുള്ള കാലയളവിൽ (മൂന്ന് മാസം കൂടുമ്പോൾ) അധികം ഓടിയ കിലോമീറ്ററിന് 18/-രൂപ നിരക്കിൽ തുക അനുവദിച്ചതാണ്. കരാർ വ്യവസ്ഥ പ്രകാരം, പിന്നീട് സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ 3600 കിലോമീറ്ററിൽ അധികമായി വരുന്ന ദൂരത്തിനാണ് തുക അനുവദിക്കേണ്ടത്. എന്നാൽ ഒക്ടോബർ മാസത്തെ വേതനത്തോടൊപ്പം Extrapayment ഇനത്തിൽ 2551/-രൂപയും അനുവദിച്ച് നൽകി. സെപ്റ്റംബർ, ഒക്ടോബർ എന്നീ 2 മാസങ്ങൾ കഴിഞ്ഞപ്പോൾ തന്നെ കരാർ വ്യവസ്ഥ ലംഘിച്ച് തുക നൽകി. ലോഗ്ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം കരാർ തീയതിയായ 2.12.19 മുതൽ 31.10.20 വരെയാണ് വാഹനം ഓടിയിട്ടുള്ളത്.

3) ലോഗ് ബുക്കിലെ യാത്രകൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/21.10.21) അധികം അനുവദിച്ച് നൽകിയ തുക തിരികെ ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ക്രമ നം.1, 2 പ്രകാരം അധികം അനുവദിച്ച് നൽകിയ 2924/- രൂപ വാഹന ഉടമയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 സുഭിക്ഷകേരളം- പച്ചക്കറികൃഷി - അപാകതകൾ

2020-21 സാമ്പത്തിക വർഷം വികസന ഫണ്ടിൽ (പൊതുവിഭാഗം) 1500000/- രൂപ വകയിരുത്തി കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടാണ് സുഭിക്ഷകേരളം-പച്ചക്കറികൃഷി (പ്രോജക്ട് നം-S0249/21). പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും 5 ഇനം പച്ചക്കറി തൈകൾ 10 എണ്ണം വീതം 50 തൈകൾ നൽകുന്നു.

ചെലവ്

1) ബിൽ നം.10/20-21/11.1.21/തുക.500000/-
2) ബിൽ നം.11/20-21/11.1.21/തുക.250000/-
3) ബിൽ നം.15/20-21/27.2.21/തുക.250000/-
4) ബിൽ നം.16/20-21/27.2.21/തുക.250000/-
5) ബിൽ നം.17/20-21/27.2.21/തുക.250000/-

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, ഇക്കോഷോപ്പ് വിപണനകേന്ദ്രം, ചേർത്തല തെക്ക് നിന്നും പച്ചമുളക്, തക്കാളി, വഴുതന, പയർ, വെണ്ട എന്നിങ്ങനെ പച്ചക്കറിതൈകൾ 2.50/- രൂപ നിരക്കിൽ 120000 എണ്ണം വീതം ഒട്ടാകെ 600000 തൈകൾ 5 ബില്ലുകളിൽ നിന്നായി 1500000/- രൂപ ചെലവഴിച്ച് വാങ്ങി. പ്രസ്തുത ബില്ലുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | തീയതി | ബിൽ നം | തുക |
|---|---|---|---|
| 1 | 30.6.20 | 702 | 500000 |
| 2 | 29.7.20 | 703 | 250000 |
| 3 | 5.10.20 | 731 | 250000 |
| 4 | 12.10.20 | 705 | 250000 |

| | | | |
|---|---|---|---|
| 5 | 20.10.20 | 732 | 250000 |
| ആകെ | | | 1500000 |

അപാകതകൾ

ബിൽ നം.705 പ്രകാരം 250000/- രൂപയുടെ പച്ചക്കറിതൈകൾ 12.10.20ൽ വാങ്ങിയതായും അതിന്റെ 26 ബില്ല് ശേഷമുള്ള 731 പ്രകാരം 250000/- രൂപയുടെ പച്ചക്കറിതൈകൾ 5.10.20 ൽ വാങ്ങിയതായും രേഖപ്പെടുത്തി യിരിക്കുന്നു. ക്രമപ്രകാരം രണ്ടാമത്തെ ബിൽ പ്രകാരമുള്ള സാധനങ്ങൾ 7 ദിവസം മുൻപ് എപ്രകാരം വാങ്ങുവാൻ സാധിക്കുമെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11 തീയതി.16/10/21), ബില്ലിലെ തീയതി എഴുതിയപ്പോൾ തെറ്റിപ്പോയതാണെന്ന് മറുപടി ലഭ്യമാക്കി. പച്ചക്കറിതൈകൾ വാങ്ങുന്ന സമയത്ത് തന്നെ ബില്ലുകൾ വാങ്ങി പ്രോജക്റ്റ് നിർവ്വഹണം സുതാര്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 സാന്ത്വനം - അപാകതകൾ

പ്രോജക്റ്റ് നം - S 0037/21, പ്രോജക്റ്റിന്റെ പേര് - സാന്ത്വനം
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (സി.എച്ച്.സി)
വകയിരുത്തൽ
വികസനഫണ്ട് - 700000/-, തനത്ഫണ്ട് - 300000/-
ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 300000/-
ആകെ അടങ്കൽ - 1300000/-
ചെലവ്
വികസനഫണ്ട് - 569787/- തനത്ഫണ്ട് - 300000/-
ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 262500/-
ആകെ ചെലവ് - 1132287/-
1) ചെക്ക് നം.6944031/24.3.21 തുക.300000/-
KMSCL നിന്നും PRF6469/22.3.21 ( ഇൻവോയ്സ് നം/തീയതി) ന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | Qty (Nos) | Rate | Cgst (6%) | Sgst (6%) | Total |
|---|---|---|---|---|---|---|
| 1 | URI-COND SMALL | 1000 | 8.97 | 538.20 | 538.20 | 10046.40 |
| 2 | URI-COND MEDIUM | 1000 | 8.97 | 538.20 | 538.20 | 10046.40 |
| 3 | URI-COND LARGE | 1000 | 8.97 | 538.20 | 538.20 | 10046.40 |
| 4 | NORFLOX 400MG TAB | 798 | 4.64 | 222.16 | 222.16 | 4147.04 |
| 5 | EVAC ENEMA 100ML | 400 | 36.96 | 887.04 | 887.04 | 16558.08 |
| 6 | DIAPER-ADULT(M)P.LOVE | 3438 | 28.49 | 5876.92 | 5876.92 | 109702.46 |
| 7 | METROGYL GEL 30GM | 840 | 54.92 | 2767.97 | 2767.97 | 51668.74 |
| 8 | SYRINGE 10ML(HINDUSTAN) | 3500 | 4 | 840 | 840 | 15680 |
| 9 | BP APPARATUS DIGITAL(LIFELINE-LIFECARE) | 1 | 1265 | 75.90 | 75.90 | 1416.80 |
| 10 | BP APPARATUS MERCURIAL REGULAR/DELUXEISI MARK(LIFELINE-LIFECARE) | 1 | 1875 | 112.50 | 112.50 | 2100 |
| 11 | GLOVES STERILE 7.5(AGE) | 4500 | 10.63 | 2870.10 | 2870.10 | 53575.20 |
| Handling Charges -5% | | | | | | 12722.66 |
| Handling Charges GST -18% | | | | | | 2290.08 |
| GRAND TOTAL | | | | | | 300000 |

2) ബിൽ നം.41/20-21/12.3.21 തുക. 310722/-
KMSCL നിന്നുള്ള PRF5848/2.3.21 ( ഇൻവോയ്സ് നം/തീയതി) ന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl No | Item | Qty (Nos) | Rate | Cgst (6%) | Sgst (6%) | Total |
|---|---|---|---|---|---|---|
| 1 | COLOSTOMY BAG 60MM-13986(COLOPLAST) | 1780 | 148.06 | 15812.81 | 15812.81 | 295172.42 |
| Handling Charges -5% | | | | | | 13177.34 |
| Handling Charges GST -18% | | | | | | 2371.92 |
| GRAND TOTAL | | | | | | 310722 |

അപാകതകൾ ചുവടെ ചേർക്കുന്നു.

KMSCLന്റെ ഇൻവോയ്സുകൾ പ്രകാരം 300000/-,310722/- എന്നിങ്ങനെ തുക അനുവദിച്ച് നൽകി. എന്നാൽ തുകയുടെ കൈപ്പറ്റ് വിവരം, ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ലഭ്യമായതിന്റെ രേഖകൾ, വിതരണരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി. 8.10.21) മറുപടി ലഭ്യമാക്കിയില്ല. സാധനങ്ങൾ നാളിതുവരെ ലഭ്യമാക്കാത്ത സാഹചര്യത്തിൽ 610722/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സാധനങ്ങൾ KMSCL നിന്നും വാങ്ങി, സ്റ്റോക്കിലെടുത്ത്, വിതരണം ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 ഫലവൃക്ഷതൈ വിതരണം - അപാകതകൾ

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത സുഭിക്ഷകേരളം- ഫലവൃക്ഷതൈ വിതരണം എന്ന പ്രോജക്ടിലെ (പ്രോജക്ട് നം-S0259/21) വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

വകയിരുത്തൽ

വികസന ഫണ്ട് (പൊതുവിഭാഗം) - 60000, ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്) - 20000

ആകെ അടങ്കൽ - 80000

ഒരു കോടി ഫലവൃക്ഷതൈകൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തൈകളിൽ, കൃഷി വകുപ്പ് ഫണ്ട് ലഭിക്കാത്തവയ്ക്ക്, തൈയുടെ വില നൽകുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം.

1) ബിൽ നം.12/20-21/22.1.21/തുക.30000/-

വി.എഫ്.പി.സി.കെ.ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 30.6.20 ൽ VFPCK/ALP/028 നം. ഇൻവോയ്സ് പ്രകാരം ഫലവൃക്ഷതൈകൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl.no | Item | Rate | Qty(nos) | Amount |
|---|---|---|---|---|
| 1 | Banana Suckers(Nendran) | 15 | 500 | 7500 |
| 2 | Banana Suckers(Njali Poovan) | 15 | 500 | 7500 |
| 3 | Puli/Kudampuli Seedlings | 20 | 350 | 7000 |
| 4 | Kariveppu/Curry Leaf Seedlings | 15 | 300 | 4500 |
| 5 | Jack Fruit Seedlings | 10 | 350 | 3500 |
| Total | | | 2000 | 30000 |

2) ബിൽ നം.24/20-21/18.3.21/തുക.30000/-

വി.എഫ്.പി.സി.കെ.ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 25.11.20 ൽ ALP20-21/097 നം. ഇൻവോയ്സ് പ്രകാരം ഫലവൃക്ഷതൈകൾ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl.no | Item | Rate | Qty(nos) | Amount |
|---|---|---|---|---|
| 1 | Rambutan Seedlings | 40 | 300 | 12000 |
| 2 | Mango Seedlings | 10 | 300 | 3000 |
| 3 | Jackfruit Seedlings | 10 | 124 | 1240 |
| 4 | Pera/Guava Seedlings | 10 | 784 | 7840 |
| 5 | Kariveppu/Curry Leaf Seedlings | 15 | 30 | 450 |
| 6 | Papaya Hybrid Seedlings | 40 | 240 | 9600 |
| 7 | Banana Nendran TC Plants | 15 | 445 | 6675 |
| 8 | Planting Materials-Banana Sucker | 15 | 500 | 7500 |
| 9 | Planting Materials-Banana Suckers(Nendran) | 15 | 160 | 2400 |

| | | | | |
|---|---|---|---|---|
| 10 | Papaya Seedlings | 20 | 60 | 1200 |
| 11 | Muringa/Drumstick Seedlings | 25 | 120 | 3000 |
| 12 | Mangosteen Seedlings | 60 | 64 | 3840 |
| 13 | Passion Fruit Seedlings | 18 | 30 | 540 |
| Total | | | 3157 | 59285 |

അപാകതകൾ

A) രണ്ട് ഇൻവോയ്സുകളിൽ നിന്നായി 5157 ഫലവൃക്ഷതൈകളുടെ വില 89285/- രൂപയാണ്. പ്രോജക്ട് വകയിരുത്തൽ 80000/-(വികസന ഫണ്ട് (പൊതുവിഭാഗം)-60000, ഗുണഭോക്തൃവിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്)-20000). എന്നാൽ ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല. വികസനഫണ്ടിൽ നിന്നുള്ള 60000/- രൂപ VFPCK ക്ക് നൽകി. ബാക്കി 29285/- രൂപ (89285-60000) നൽകിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

B) ഗുണഭോക്തൃവിഹിതം ഇനത്തിൽ വിവിധ പ്രോജക്ടുകൾക്കായി ധാരാളം തുകകൾ ഈടാക്കിയിട്ടുണ്ടെങ്കിലും ഈ പ്രോജക്ടിനായി എത്ര രൂപ ഈടാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല., 89,285/- രൂപയുടെ ഫലവൃക്ഷ തൈകൾ വാങ്ങിയ സ്ഥിതിക്ക് V.F.P.C.K.യ്ക്ക് പ്രസ്തുത തുക മുഴുവൻ കൊടുക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥ ബാധ്യസ്ഥയാണ് എന്നിരിക്കെ ഇനിയും കൊടുക്കുവാൻ അവശേഷിക്കുന്ന തുക 29285/- രൂപ (VFPCKയ്ക്ക് നൽകിയിട്ടില്ല എന്നുറപ്പാക്കിയശേഷം), ഈടാക്കിയ ഗുണഭോക്തൃ വിഹിതത്തിൽ നിന്നോ ഈടാക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്തൃ വിഹിതത്തിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തുമ്പോൾ പ്രോജക്ടിന്റെ ആകെ അടങ്കലിനേക്കാൾ അധികമാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും പ്രോജക്ടിലെ വകയിരുത്തലിന് വിധേയമായി മാത്രം പ്രോജക്ട് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. കൂടാതെ അധിക തുക ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും ചെലവഴിക്കപ്പെടുകയാണെങ്കിൽ ആയത് പ്രോജക്ട് അടങ്കലിന് വിധേയമായിരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

C) 29285/- രൂപ VFPCK യ്ക്ക് നൽകിയതിന്റെ രേഖകളില്ല.

D) VFPCK തുക കൈപ്പറ്റിയതിന്റെ രേഖകളില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 10 തീയതി.13/10/21) മറുപടി ലഭ്യമാക്കിയില്ല.

## 1-19 സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകി

പ്രോജക്ട് നം -S0252/21 സുഭിക്ഷകേരളം മത്സ്യകൃഷി -പടുതാക്കുളം

അടങ്കൽ-282900(വികസന ഫണ്ട്), ചെലവ്-160446/-

ബിൽ നം-1/18.3.21-27628/-, ബിൽ നം-4/24.3.21-132818/-

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണം നടത്തിയ ഈ പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ആനുകൂല്യം നൽകാവുന്നതിന്റെ വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ വി.ജോസഫ്, ക്രിസ്ഡെയിൽ എന്ന വ്യക്തിയുടെ കുടുബവാർഷിക വരുമാനം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലാണ് റേഷൻകാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടി വ്യക്തി ആനുകൂല്യത്തിന് അർഹനാണോ എന്നത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് അന്വഷണത്തിലൂടെ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ഒന്നിലധികം പഞ്ചായത്തുകളിൽ ഒരേസമയം പദ്ധതി നിർവ്വഹണം നടത്തേണ്ടിവന്നതിനാൽ ടിയാളുടെ വരുമാനം സംബന്ധിച്ച കാര്യങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോയതാണെന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ടി വ്യക്തിക്ക് അനർഹമായി നൽകിയ 15748/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഫിഷറീസ് സബ് ഇൻസ്പെക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടില്ല

കേന്ദ്ര ചരക്ക സേവന നികുതി നിയമം 2017 (2017-ലെ 12-ാം നിയമം), കേരള ചരക്ക സേവന നികുതി നിയമം 2017 (2017-ലെ 20-ാം നിയമം) എന്നീ നിയമങ്ങളിലെ സെക്ഷൻ 51 അനുസരിച്ച് ഒരു കരാറിൻ പ്രകാരം രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടെയൊ സേവനങ്ങളുടെയൊ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%) ഉറവിടത്തിൽ നിന്നും കുറവ് ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ (റവന്യൂ വിഭാഗം) 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ ആയത് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ താഴെപ്പറയുന്ന രണ്ട് പദ്ധതികളിലായി ഗ്രാമ പഞ്ചായത്തിലെ

അംഗൻവാടികളിലേയ്ക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ നവജീവൻ യൂണിറ്റ്, വാരനാട്, ചേർത്തല എന്ന സ്ഥാപനത്തിന് 1919410/-രൂപ വിവിധ ബില്ലുകൾ പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനത്തിന് പേയ്മെന്റ് നടത്തിയപ്പോൾ ഒരു ബില്ലിൽ നിന്നും പോലും ജി.എസ്.റ്റി കുറവ് ചെയ്തതായി കാണുന്നില്ല.

1. പ്രോജക്ട് നം.17/2021

പ്രോജക്ടിന്റെ പേര്: അനുപൂരക പോഷകാഹാര പരിപാടി

അടങ്കൽ -വികസന ഫണ്ട് : 1984000/-രൂപ

കേന്ദ്രാവിഷ്കൃത ഫണ്ട്-1500000/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം- 200000/-രൂപ

തനത് ഫണ്ട് - 616000/-രൂപ

ആകെ - 4300000/- രൂപ

ചെലവ്:- 3571897/-രൂപ

മേൽ പദ്ധതി പ്രകാരം തൻവർഷം ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിലേയ്ക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തതിന്റെ വിവരം.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം. | തീയതി | തുക |
|---|---|---|
| 383 | 07.04.2020 | 147661 |
| 389 | 07.05.2020 | 164897 |
| 393 | 08.06.2020 | 150160 |
| 399 | 07.07.2020 | 180332 |
| 103 | 07.08.2020 | 180332 |
| 108 | 14.09.2020 | 188049 |
| 114 | 16.10.2020 | 161185 |
| 116 | 13.11.2020 | 188049 |
| 120 | 05.12.2020 | 186248 |
| 124 | 02.02.2021 | 184190 |
| ആകെ | | 1731103 |

2. പ്രോജക്ട് നം.306/2021

പ്രോജക്ടിന്റെ പേര്: അങ്കണവാടി പോഷകാഹാര പ്രോജക്ടുകൾ

അടങ്കൽ -വികസന ഫണ്ട് : 800000/-രൂപ

ചെലവ്: 295910/-രൂപ

മേൽ പദ്ധതി പ്രകാരം തൻവർഷം ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിലേയ്ക്ക് അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തതിന്റെ വിവരം

| സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം. | തീയതി | തുക |
|---|---|---|
| 131 | 25.03.2021 | 188307 |

മേൽ തുകകൾ സ്ഥാപനങ്ങൾക്കനുവദിച്ചപ്പോൾ ജി.എസ്.റ്റി സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നില്ല. സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന്റെ കാരണം ആരാഞ്ഞ് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.21 തീയതി.21.10.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾ സപ്ലൈ ചെയ്ത സാധനങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തെളിവുകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നം –S0048/21 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ

അടങ്കൽ-500000/-(മെയിന്റനൻസ് ഫണ്ട്)

ചെലവ് -500000/- ബിൽ നം -1/2020-21 തീയതി 24.11.20

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ഈ പ്രോജക്ടിലുൾപ്പെടുത്തി പ്രോഫോമ ഇൻവോയിസ് PF

961 തീയതി. 18.11.20 പ്രകാരം 5 ലക്ഷം രൂപ ഹോംകോയിലേക്ക് നൽകിയിട്ടുണ്ട്. താഴെ കൊടുത്തിരിക്കുന്ന ഇൻവോയിസുകൾ പ്രകാരം ആകെ 178497/-രൂപയുടെ മരുന്നുകൾ ലഭിച്ചത് സ്റ്റോക്കിൽ ഉൾപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയിസ് നം/തീയതി | തുക |
|---|---|---|
| 1 | LF 446 /2.6.2021 | 15694 |
| 2 | LF 23/24.4.21 | 47260 |
| 3 | LF1324 /3.9.2020 | 115543 |
| | ആകെ | 178497/- |

321503/-രൂപയുടെ മരുന്നുകൾ നാളിതുവരെലഭ്യമായിട്ടില്ല എന്നാണ് ഇതുംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. മരുന്ന് ലഭ്യമാകുന്നതു വരെ 321503/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 വാരനാട് സ്കൂൾ ഓഡിറ്റോറിയം റീ-വയറിംഗ് ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്തില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വാരനാട് സ്കൂൾ ഓഡിറ്റോറിയം റീ-വയറിംഗ് എന്ന പദ്ധതിയുടെ കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാൾ 1% കുറവ് നിരക്കിൽ പ്രവർത്തി ചെയ്യാമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത്. എന്നാൽ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ റിഡക്ഷൻ കുറവ് വരുത്താതിരുന്നത് മൂലം പഞ്ചായത്തിന് 2041/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | |
|---|---|
| 1.പ്രോജക്ട് നം. | : 146/2021 |
| പ്രോജക്ടിന്റെ പേര് | : വാരനാട് സ്കൂൾ ഓഡിറ്റോറിയം റീ-വയറിംഗ് |
| നിർവ്വഹണം | : സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : ശ്രീ.കെ.ഐ.അജിത് പ്രസാദ് |
| അടങ്കൽ | 220000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 211582/- രൂപ<br>ബിൽ നം.45തീ.11.04.2020 (ACR പ്രകാരമുള്ളത്) |
| കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 1% കുറവ് |
| ആകെ വേലമൂല്യം | 182167/-രൂപ |
| ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്യേണ്ട തുക (1%) | 1822/- രൂപ |
| കരാറുകാരന് അധികമായി അനുവദിച്ച തുക (12% ജി.എസ്.ടി ഉൾപ്പെടെ) | 2041/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.2 തീയതി. 06.10.2021) മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരന് അധികമായി അനുവദിച്ച 2041/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധിക ചെലവ് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-23 ഐ.കെ.എം വിഹിതം നൽകൽ- രേഖകൾ ലഭ്യമല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് : ഐ.കെ.എം വിഹിതം നൽകൽ

പ്രോജക്ട് നം. : 2/2021

അടങ്കൽ : വികസന ഫണ്ട് - 112600/-

ചെലവ് : 112600/- (ട്രഷറി ബിൽ നം.6 തീയതി.18.05.2020)

നിർവഹണം: സെക്രട്ടറി

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 112600/- രൂപ മേൽ ട്രഷറി ബിൽ പ്രകാരം ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22 തീയതി, 21.10.2021) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക (112600/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 പരസ്യ ചാർജ്- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടുന്നില്ല പഞ്ചായത്തിന് നഷ്ടം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ.(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ

ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണവും നിർവഹണവും എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.1/2021) താഴെപ്പറയും പ്രകാരം നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിലുള്ള വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| പത്രത്തിന്റെ പേര് | ബിൽ നം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൌണ്ട് | ചെക്ക് നം/ തീയതി |
|---|---|---|---|---|
| ഹിന്ദു | 1718258/21.05.2020 | 10752/- | 1613 | 2921820/8.6.2020-LGTSB |
| ജനയുഗം | 2020050092/22.05.2020 | 2520/- | 378 | 2921820/8.6.2020-LGTSB |
| ജനയുഗം | 2020050089/22.05.2020 | 2100/- | 315 | |
| ജനയുഗം | 2020090055/02.09.2020 | 2520/- | 378 | 69142/15.9.2020-DCB |
| ജനയുഗം | 2020090189/11.09.2020 | 2100/- | 315 | 69191/14.10.2020-DCB |
| ജനയുഗം | 2020090199/11.09.2020 | 1680/- | 252 | |
| ആകെ | | | 3251/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.21.10.2021) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം അർഹമായ ഡിസ്കൌണ്ട് അവകാശപ്പെടാതിരുന്നതു മൂലം ഉണ്ടായ അധിക ചെലവ് (3251/-രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

പഞ്ചായത്തിലെ 2020-21 വർഷത്തെ മരണറിപ്പോർട്ടുകളും വിവിധ ക്ഷേമ പെൻഷനുകളുടെ വിവരങ്ങളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം തൊട്ടടുത്ത മാസങ്ങളിൽതന്നെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ സഹകരണ ബാങ്കുകളിലേക്ക് തുടർന്നും തുക നൽകിയിട്ടുണ്ട്.

| ക്ര നം | പേര്, വിലാസം | പെൻഷൻ/ പെൻഷൻ ID | മരിച്ച തീയതി | സസ്പെൻഡ് ചെയ്ത തീയതി | സഹകരണ ബാങ്കുകളിലേക്ക് അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ഭാസ്കരനാചാരി, കൃഷ്ണവിലാസം, വാരനാട് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 10441020 2403 | 6.2.2020 | 18.3.2021 | 25500 |
| 2 | സോമിനി , വളവൻചിറ, | ,, 10441020 1956 | 4.4.2020 | 18.3.2021 | 13800 |
| 3 | വാസു, മനപ്പള്ളിക്കരി | ,, 10441020 2285 | 2.12.2020 | 18.9.2021 | 14400 |
| 4 | സരസമ്മ.കെ. കളത്തിൽ ചിറ, തണ്ണീർമുക്കം | ,, 10441020 | 13.11.20 | 18.9.2021 | 16000 |

| | | | | | |
|---|---|---|---|---|---|
| | | 1762 | | | |
| 5 | മേരിക്കുട്ടി, പടിഞ്ഞാറെ മംഗലത്ത്, മുട്ടത്തിപ്പറമ്പ് | 10441020 2162 | 21.1.2020 | 20.2.2021 | 9600 |

മരണം റിപ്പോർട്ട് ചെയ്യപ്പെട്ട കഴിഞ്ഞ് പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് വളരെയധികം കാലതാമസം ഉണ്ടായിട്ടുള്ളവയിൽ ചില ഉദാഹരണങ്ങൾ മാത്രമാണിത്. ഡി.ബി.ടി റിപ്പോർട്ട് പ്രകാരം വിതരണം ചെയ്യാൻ സാധിക്കാതെ വിവിധ സഹകരണ ബാങ്കുകളിൽ അവശേഷിക്കുന്ന ഈ തുകകൾ കേരള ബാങ്കിലേക്ക് തിരികെ അടയ്ക്കുന്നുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

2) ബാങ്ക് അക്കൌണ്ടിലേക്ക് നേരിട്ട് പെൻഷൻ തുക ലഭിക്കുന്നവർ മരണപ്പെട്ടാൽ പെൻഷൻ സസ്പൻഡ് ചെയ്യുന്നതു വരെയുള്ള കാലയളവിൽ അനർഹമായി നൽകുന്ന തുക അനന്തരാവകാശികൾ കൈപ്പറ്റുന്ന സ്ഥിതിയാണുള്ളത്.

താഴെ കൊടുത്തിരിക്കുന്ന വ്യക്തിയുടെ അക്കൌണ്ടിലേക്ക് അനർഹമായി നൽകിയിട്ടുള്ള 12000/- രൂപ ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് തിരികെ അടച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

| പേര് | പെൻഷൻ/ പെൻഷൻ ഐ.ഡി നമ്പർ | മരിച്ച തീയതി | സസ്പെൻഡ് ചെയ്ത തീയതി | ബാങ്ക് അക്കൌണ്ട് | അധികം നല്കിയ തുക |
|---|---|---|---|---|---|
| തങ്കപ്പൻ,പുതുവെളി വാരനാട് | വാർദ്ധക്യകാല പെൻഷൻ 104410200480 | 1.6.2020 | 20.5.2021 | SBIN0070081 A/C 67228825982 | 12000/- |

3) മരണപ്പെട്ട വ്യക്തിയുടെ പെൻഷൻ ഓഡിറ്റ് തീയിതിവരെ സസ്പെൻഡ് ചെയ്യാത്തതിനാൽ നാളിതുവരെ 9600/- രൂപ അനർഹമായി നൽകിയിട്ടുണ്ട് .

| പേര് | പെൻഷൻ/ പെൻഷൻ ഐ.ഡി നമ്പർ | മരിച്ച തീയതി | ആധാർ നമ്പർ | ബാങ്ക് അക്കൌണ്ട് | അധികം നല്കിയ തുക |
|---|---|---|---|---|---|
| രത്നമ്മ.എം.കെ, പദ്മവിലാസം, തണ്ണീർമുക്കം | വാർദ്ധക്യകാല പെൻഷൻ 104410200806 | 1.3.2021 | 931358893823 | SBIN0012873 A/C 33444907724 | 1600*6=9600/- |

മേൽ സൂചിപ്പിച്ച വ്യക്തിയുടെ പെൻഷൻ സസ്പെൻഡുചെയ്യുന്നതിനും അവകാശികൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക തിരികെ അടവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(24/22.10.2021)യുടെ മറുപടിയിൽ മരണപ്പെട്ട സേവന പെൻഷൻ ഗുണഭോക്താവിനെ ഒഴിവാക്കുന്നതിനും തുക തിരിച്ചടപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹമായി നൽകിയ തുക തിരികെ ഈടാക്കുന്നതുവരെ 21600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കാതിരിക്കുന്നത് വഴി ഗ്രാമപഞ്ചായത്ത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുണ്ട്. സർക്കുലർ നം. എസ്.എഫ്.സി.ബി 2/53/2017 ധന. തീയതി 22.01.2018 പ്രകാരം പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ

ഒഴിവാക്കേണ്ടതാണ്.ആയതിന് ധനകാര്യവകുപ്പിന്റെ സർക്കുലർ നം. 69/2018 ധന.തീയതി 26.7.2018 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിക്കേണ്ടതാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും സെക്രട്ടറിമാർ ഒഴിവാക്കേണ്ടതാണ്.

## 1-26 സുഭിക്ഷ കേരളം-മുട്ടക്കോഴി വളർത്തൽ-രേഖകൾ ലഭ്യമല്ല- ചെലവ് തുക

പ്രോജക്ട് നം.257

പ്രോജക്ടിന്റെ പേര്: സുഭിക്ഷ കേരളം-മുട്ടക്കോഴി വളർത്തൽ

അടങ്കൽ -തനത് ഫണ്ട് : 330000/-രൂപ

ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്): 330000/-രൂപ

ആകെ: 660000/-രൂപ

ചെലവ്:- 433400/-രൂപ (1.ചെക്ക് നം.2921895 തീയതി.03.12.2020- 66000/-രൂപ

2.ചെക്ക് നം.5161029 തീയതി.11.01.2021- 183150/-രൂപ

3.ചെക്ക് നം.5161030 തീയതി.11.01.2021- 117150/-രൂപ

4.ചെക്ക് നം.6944037 തീയതി.27.03.2021- 67100/-രൂപ

നിർവഹണം:- വെറ്ററിനറി സർജൻ

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം മുട്ടക്കോഴി വിതരണം ചെയ്ത വകയിൽ കെ.എം.എഗ്ഗർ നഴ്സറി ഉടമ ശ്രീമതി.ബി.പ്രസന്നകുമാരിയുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് 433400/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ടി സ്ഥാപനത്തിൽ നിന്നുള്ള രണ്ട് ഇൻവോയിസുകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. പ്രസ്തുത ഇൻവോയിസുകൾ പ്രകാരം ആകെ 3330 മുട്ടക്കോഴികളെ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബില്ലുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./ തീയതി | വിതരണം ചെയ്ത മുട്ടക്കോഴികളുടെ എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|
| 1 | 73/27.10.2020 | 1200 | 110 | 132000 |
| 2 | 234300110213074/ രേഖപ്പെടുത്തിയിട്ടില്ല. | 2130 | 110 | 234300 |
| | ആകെ | 3330 | | 366300 |

പദ്ധതി പ്രകാരം വിതരണക്കാരന് നല്കിയ തുകയുടെ (433400/-രൂപ) അടിസ്ഥാനത്തിൽ 110/- രൂപ നിരക്കിൽ ആകെ 3940 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യേണ്ടതായിരുന്നു. മേൽ ബില്ലുകൾ പ്രകാരം 610 കോഴിക്കുഞ്ഞുങ്ങൾ കുറവായാണ് വിതരണം ചെയ്തിരിക്കുന്നത്. ഇത്രയും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് വിതരണ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26 തീയതി.22.10.2021) മറുപടി ലഭ്യമാക്കിയില്ല. 610 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച തുക 67100/-രൂപ (610x110) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ വെറ്റിനറി സർജനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 സുഭിക്ഷ കേരളം-താറാവ് വിതരണം- അധിക തുക ചെലവഴിച്ചു- പഞ്ചായത്തിന് നഷ്ടം.

പ്രോജക്ട് നം. 262/21

പ്രോജക്ടിന്റെ പേര്: സുഭിക്ഷ കേരളം-താറാവ് വിതരണം

അടങ്കൽ -തനത് ഫണ്ട് : 300000/-രൂപ

ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്): 300000/-രൂപ

ആകെ: 600000/-രൂപ

ചെലവ്:- 283200/-രൂപ (1.ചെക്ക് നം.6944036തീ.27.03.2021- 91200/-രൂപ

2.ചെക്ക് നം.5161036തീ.30.01.2021- 96000/-രൂപ

3.ചെക്ക് നം.2921894തീ.03.12.2020- 96000/-രൂപ)

നിർവഹണം:- വെറ്ററിനറി സർജൻ

ഈ പദ്ധതി പ്രകാരം 120/- രൂപ നിരക്കിൽ 2360 താറാവുകളെ വിതരണം ചെയ്ത തോമസ് നഴ്സറി എന്ന സ്ഥാപനത്തിന് മേൽ ചെക്കുകൾ പ്രകാരം ആകെ 283200/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ (പേജ് നം.80),വിതരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ആകെ 2320 താറാവുകളെ മാത്രമെ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുള്ളു എന്ന് വ്യക്തമായി. സ്റ്റോക്കിലെടുക്കുകയൊ വിതരണം ചെയ്യുകയൊ ചെയ്യാതിരുന്ന 40 താറാവിനായി ചെലവഴിച്ച 4800/-രൂപ (40x120) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-28 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1. പ്രോജക്ട് നം.49

പ്രോജക്ടിന്റെ പേര്: കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ -വികസന ഫണ്ട് : 625000/-രൂപ

ചെലവ്:- 625000/-രൂപ (1. ബിൽ റെഫറൻസ് നം.20060552015400901754 തീയതി.06.01.2021- 325000/-രൂപ

2. ബിൽ റെഫറൻസ് നം.20060552015400901762 തീയതി.06.01.2021-300000/-രൂപ)

നിർവഹണം:- വെറ്ററിനറി സർജൻ

2. പ്രോജക്ട് നം.233

പ്രോജക്ടിന്റെ പേര്: കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ -വികസന ഫണ്ട് : 625000/-രൂപ

ചെലവ്:- 625000/-രൂപ (1. ബിൽ റെഫറൻസ് നം.20060552015400180238 തീയതി.20.05.2020- 625000/-രൂപ)

നിർവഹണം:- വെറ്ററിനറി സർജൻ

തൻവർഷം കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി മേൽ രണ്ട് പദ്ധതികൾ പ്രകാരം 1250000/-രൂപ ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. തീ) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (1250000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 കാലിവീപ്പയുടെ വില ഈടാക്കിയതിൽ കുറവ്

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2020-21ൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ഈടാക്കിയ തുക | 18% ജി.എസ്.ടി ഉൾപ്പെടെ 281 രൂപ നിരക്കിൽ ഈടാക്കേണ്ട തുക | കുറവ് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 137/21 മാനവ സഹായം കൺസൾട്ട് കെമിക്കൽ റോഡ് ടാറിംഗ് | ബൈജു.കെ | 17 ബാരൽ | 4250 | 4777 | 527 | 19/21/ 20.5.20 |
| 2 | 129/21 കുമാരമംഗ ലത്ത്കരി കൊറ്റിനാട് റോഡ് ടാറിംഗ് | ശ്രീകുമാർ | 18 ബാരൽ | 4500 | 5058 | 558 | 90/21/ 5.3.21 |
| 3 | 132/21 താമരശ്ശേരി തകിലംചിറ റോഡ് ടാറിംഗ് | പ്രകാശൻ | 20ബാരൽ | 5000 | 5620 | 620 | 51/21 12.11.20 |
| 4 | 128/21തെക്കേകരി പേരത്രുകാരി റോഡ് ടാറിംഗ് | വി.എസ്. ശ്രീകുമാർ | 12ബാരൽ | 3000 | 3372 | 372 | 73/21 22.1.21 |
| 5 | 135/21ഭഗവത്തിങ്കൽ അറക്കൽ റോഡ് ടാറിംഗ് | സി.എസ് സ്വാമിനാഥൻ | 13ബാരൽ | 3250 | 3653 | 403 | 35/21 20.8.20 |
| 6 | 139/21കസ്തൂർബടാഗോർ കോളനി റോഡ് | കെ.ബൈജു | 7 ബാരൽ | 1750 | 1967 | 217 | 32/21 3.6.20 |
| 7 | 223/21ലക്ഷ്മീകരി റോഡ് ടാറിംഗ് | വി.എസ്. ശ്രീകുമർ | 17ബാരൽ | 4250 | 4777 | 527 | 78/21 27.2.21 |
| 8 | 77/21പതിനൊന്നാം മൈൽ കണിയാംവെളി റോഡ് | ശിവദാസ് കെ.ആർ | 21ബാരൽ | 5250 | 5901 | 651 | 60/21 11.1.21 |
| 9 | 32/21കൃഷിഭവൻ ഓതറ റോഡ് | ശിവദാസ് കെ.ആർ | 17ബാരൽ | 4250 | 4777 | 527 | 59/ 1.3.21 |
| 10 | 159/21അംഗനവാടി മായനാകാവ് റോഡ് | സജിമോൻ | 8ബാരൽ | 2000 | 2248 | 248 | 7/21 23.4.20 |
| 11 | 160/21മണ്ണാന്തറവെളി വെണ്ടുവെളി റോഡ് | പികെ, പ്രകാശൻ | 7ബാരൽ | 1750 | 1967 | 217 | 25/ 1.6.20 |
| 12 | 162/21ഇലഞ്ഞാംകുളങ്ങര പുഞ്ചപ്പാടംറോഡ് ടാറിംഗ് | പി.കെ.പ് രകാശൻ | 6ബാരൽ | 1500 | 1686 | 186 | 24/ 10.6.20 |
| 13 | 157/21 സെന്റ് തോമസ് ചർച്ച് കായൽതീരം റോഡ് | ശ്രീകുമാർ | 11ബാരൽ | 2750 | 3091 | 341 | 62/ 11.1.21 |
| 14 | 158/21 മണിത്തറക്കരി റോഡ് | ശ്രീകുമാർ | 11ബാരൽ | 2750 | 3091 | 341 | 63/ 11.1.21 |
| 15 | 182/20-21ലിസ്യൂ നഗർസനം പ്രെസ് റോഡ് ടാറിംഗ് | ശ്രീ.പി.എസ്. സജിമോൻ | 20 ബാരൽ | 5000 | 5620 | 620 | 68/ 15.1.21 |
| 16 | 126/20 കാക്കര വെളി കുപ്പിക്കമ്പനി റോഡ് | സജയൻ | 18ബാരൽ | 4500 | 5058 | 558 | 49/ 12.11.20 |
| 17 | 131/20 വെളിയമ്പ്ര മുളക്കത്തറ റോഡ് | പി.കെ. പ്രകാശൻ | 19ബാരൽ | 4750 | 5339 | 589 | 36/ 20.8.20 |
| 18 | 136/20നാമക്കാട് ടെമ്പിൾ കിന്റർ ഹോസ്പിറ്റൽ റോഡ് | കെ.ആർ. ശിവദാസ് | 16ബാരൽ | 4000 | 4496 | 496 | 34/ 20.8.20 |

| | | | | | | | |
|---|---|---|---|---|---|---|---|
| 19 | 145/20ജവഹർ കോളനി റോഡ് | കെ.ബൈജു | 9ബാരൽ | 2250 | 2529 | 279 | 18/ 20.9.20 |
| 20 | 143/20 ലിസ്യുനഗർ കണ്ടംകുളങ്ങര റോഡ് | കെ.ബൈജു | 9ബാരൽ | 2250 | 2529 | 279 | 12/ 14.5.20 |
| 21 | 138/20 നാമക്കാട്ട് ചാത്തമംഗലം റോഡ് | ലെജിമോൻ | 25ബാരൽ | 6250 | 7025 | 775 | 16/ 18.5.20 |
| 22 | 133/20 പ്ലാപ്പള്ളി കറുത്തേടത്ത് റോഡ് | അമ്പികേശൻ | 11ബാരൽ | 2750 | 3091 | 341 | 92/ 19.3.21 |
| 23 | 62/20മണ്ണിടാംതടവ് റോഡ് ടാറിംഗ് | ശശികുമാർ പി.കെ | 18ബാരൽ | 4500 | 5058 | 558 | 75/ 22.2.21 |
| 24 | 63/20 പീച്ചിനാട്ട് നെല്ലിശ്ശേരി റോഡ് | അമ്പികേശൻ | 8ബാരൽ | 2000 | 2248 | 248 | 14/ 15.5.20 |
| 25 | 209/20 പനങ്ങാട്ട് എക്സ്ചേഞ്ച് റോഡ് | അമ്പികേശൻ | 11ബാരൽ | 2750 | 3091 | 341 | 80/ 27.2.21 |
| 26 | 67/20 സ്കൂൾ കവല കുന്നംപുറം റോഡ് | പ്രകാശൻ പി.കെ | 17ബാരൽ | 4250 | 4777 | 527 | 79/ 27.2.21 |
| 27 | 71/20 മീനപ്പള്ളി കറേപ്പറമ്പ് റോഡ് | അമ്പികേശൻ | 20ബാരൽ | 5000 | 5620 | 620 | 77/ 27.2.21 |
| 28 | 78/20 മേക്രക്കാട് കൈതവളപ്പിൽ റോഡ് | വി.ശിവൻ | 18ബാരൽ | 4500 | 5058 | 558 | 71/ 5.2.21 |
| 29 | 189/20 എ.കെ.ജി വായനശാല പുഞ്ചപ്പാടെ റോഡ് | പി.കെ.പ്രകാശൻ | 17ബാരൽ | 4250 | 4777 | 527 | 56/ 30.12.20 |
| 30 | 182/20 പനക്കൽ പണ്ടാരത്തോട് റോഡ് | ശശികുമാർ പി.കെ | 11ബാരൽ | 2750 | 3091 | 341 | 39/ 20.8.20 |
| 31 | 213/20 ആൽത്തറ ചിറക്കൽ റോഡ് ടാറിംഗ് | ശശികുമാർ പി.കെ | 12ബാരൽ | 3000 | 3372 | 372 | 30/ 30.6.20 |
| 32 | 201/20 തിണ്ടങ്കരി കുശവരത്ത് റോഡ് | സജിമോൻ | 5 ബാരൽ | 1250 | 1405 | 155 | 28/ 19.6.20 |
| 33 | 216/20 ടോഗോർ കോളനി പോറ്റിമാം റോഡ് | കെ.ബൈജു | 11ബാരൽ | 2750 | 3091 | 341 | 27/ 19.6.20 |
| 34 | 215/20 മേക്രക്കാട് SNDP റോഡ് | സ്വാമിനാഥൻ ചള്ളിയിൽ | 6ബാരൽ | 1500 | 1686 | 186 | 23/ 10.6.20 |
| 35. | 219 കോലോത്തും തുരുത്ത് റോഡ് | സ്വാമിനാഥൻ | 4ബാരൽ | 1000 | 1124 | 124 | 22/ 10.6.20 |
| 36 | 212/20 കോലോത്ത് വട്ടച്ചിറ റോഡ് | സ്വാമിനാഥൻ | 5ബാരൽ | 1250 | 1405 | 155 | 21/ 10.6.20 |
| 37 | 210/20 പരുത്യംപള്ളി ചക്കനാട്ട് റോഡ് രണ്ടാംഘട്ടം | അമ്പികേശൻ | 9ബാരൽ | 2250 | 2529 | 279 | 81/ 27.2.21 |
| 38 | 202/20 വാരനാട് മണവേലി റോഡ് | പി.കെ. പ്രകാശൻ | 21ബാരൽ | 5250 | 5901 | 651 | 82/ 27.2.21 |
| 39 | 76/20 ആറാട്ടുകുളം പറവക്കൽ റോഡ് | സ്വാമിനാഥൻ | 25ബാരൽ | 6250 | 7025 | 775 | 85/ 27.2.21 |
| 40 | 208/20 എസ്.എൻ കവല കാ.ൽതീരം റോഡ് | ശിവദാസ് കെ.ആർ | 11ബാരൽ | 2750 | 3091 | 341 | 88/ 27.2.21 |
| 41 | 161/20 വേങ്ങയിൽ | ശ്രീകുമാർ | 14ബാരൽ | 3500 | 3934 | 434 | 2/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | വെള്ളിയാകുളം റോഡ് | | | | | | 23.4.20 |
| 42 | 74/20 കൊണ്ടോടി കുതറവെളി റോഡ് | ശ്രീകുമാർ | 10ബാരൽ | 2500 | 2810 | 310 | 15/ 20.5.20 |
| 43 | 75/21 അയ്യപ്പഞ്ചേരി വള്ളുവശ്ശേരി റോഡ് | ബൈജു കെ | 20ബാരൽ | 5320 | 5620 | 300 | 101/ 31.3.21 |
| 44 | 211/20 ശ്രീഗോകുലം അമ്പേദ്ക്കർ കോളനി റോഡ് | ശിവദാസ് | ബാരൽ11 | 2430 | 3091 | 661 | 99/ 30.3.21 |
| 45 | 79/21കിളിച്ചാപറമ്പ് വാരനാട് കവല റോഡ് | ശ്രീകുമാർ | 20ബാരൽ | 5320 | 5620 | 300 | 98/ 28.3.21 |
| 46 | 69/21 SNDP മാത്തിവെളി റോഡ് | അമ്പികേശൻ | 20ബാരൽ | 5073 | 5620 | 547 | 95/ 25.3.21 |
| 47 | 68/21 തയ്യിടവെളി പെരുങ്കുളം റോഡ് | പി.കെ.പ്രകാശൻ | 17ബാരൽ | 4250 | 4777 | 527 | 94/ 23.3.21 |
| 48 | 198/21പൂനത്തിക്കരി അംഗനവാടി റോഡ് | ശ്രീകുമാർ | 32ബാരൽ | 8000 | 8992 | 992 | 55/ 30.12.20 |
| 49 | 214/20 പാട്ടുകുളങ്ങര മാണിയേക്കൽ റോഡ് | കെ.ബൈജു | 9ബാരൽ | 2250 | 2529 | 279 | 26/ 16.6.20 |
| 50 | 81/21 ജവഹർ കോളനി കോവിലകം റോഡ് | ശ്രീകുമാർ | 13ബാരൽ | 3250 | 3653 | 403 | 93/ 20.3.21 |
| 51 | 155/20 പുതുക്കാട് മാത്തിപ്പറമ്പ് റോഡ് | പ്രകാശൻ. പി.കെ | 13ബാരൽ | 3250 | 3653 | 403 | 47/ 12.11.20 |
| 52 | 207/20 കട്ടച്ചിറ മേനാകരി റോഡ് | ശ്രീകുമാർ | 10ബാരൽ | 2500 | 2810 | 310 | 52/ 18.11.20 |
| | ആകെ | | | 182893 | 205130 | 22237 | |

മേൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി വീപ്പയുടെ വിലയിനത്തിൽ 12% ജി.എസ്.ടി ഉൾപ്പെടെ 250/-രൂപ നിരക്കിൽ കുറവ് ചെയ്ത് തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ കാലി വീപ്പയ്ക്ക് ബാധകമായ 18% നിരക്കിൽ ജി.എസ്.ടി ഈടാക്കാതിരുന്നതുമൂലമുള്ള നഷ്ടം 22237/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്.

കൂടാതെ സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/16.10.21) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച വിധം കാലിവീപ്പയുടെ വില ഈടാക്കിയതിൽ ഉൾപ്പെട്ടിട്ടുള്ള ജി.എസ്.ടി തുക പ്രത്യേകം കണക്കാക്കി ഒടുക്ക് വരുത്തേണ്ടതും തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള കാലിവീപ്പയുടെ വില പരിശോധിച്ച് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിൽ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-30 ഡിസ്‌പ്ലേ ബോർഡുകൾക്ക് മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നില്ല

2020-21ൽ ഗ്രാമപഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഡിസ്‌പ്ലേ ബോർഡുകൾ സ്ഥാപിച്ചതിന് ഓരോ പ്രവൃത്തികൾക്കും മെറ്റീരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരുടെ പേരിൽ പ്രത്യേകമായി 5000/-, 3000/- എന്നീ വ്യത്യസ്ത നിരക്കുകളിൽ തുക നൽകിയിട്ടുള്ളതായി കാണുന്നു. ഇതിൽ നിന്നും ഡിസ്‌പ്ലേ ബോർഡിന് പ്രത്യേകമായി ടെണ്ടർ ക്ഷണിച്ചിട്ടില്ലായെന്ന് മനസ്സിലാകുന്നു. ഡിസ്‌പ്ലേ ബോർഡുകൾക്ക് പ്രത്യേകമായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഡിസ്‌പ്ലേ ബോർഡുകൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടില്ലെന്നും ഓരോ പ്രവൃത്തികളുടേയും മെറ്റീരിയൽ സപ്ലൈ ചെയ്യുന്ന കരാറുകാർ തന്നെയാണ് ബോർഡും സ്ഥാപിക്കുന്നതെന്നും അതിനുള്ള തുക കരാറുകാരുടെ പേരിൽ അനുവദിക്കുകയുമാണ് ചെയ്തു വരുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല. കോടിക്കണക്കിന് രൂപയുടെ പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ നിർവ്വഹിക്കപ്പെടുന്നത്. അവയുടെ ഡിസ്‌പ്ലേ ബോർഡുകൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ മുഖേന

ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 വാരനാട് എൽ.പി. സ്കൂൾ അറ്റകുറ്റപ്പണി- അധികചെലവ്

പ്രോജക്ട് നമ്പർ -217/20 അടങ്കൽ- 400000/-സംരക്ഷണ ഗ്രാന്റ് റോഡിതരം

കരാറുകാരൻ- ശ്രീ. സതീഷ് കുമാർ

എഗ്രീഡ് പി.എ.സി- 389859.82

എഗ്രിമെന്റ് നമ്പർ 42/AE/LSGD/18-19/14.9.2018

അളവ് പുസ്തകം - 22/18-19

2018-19 ൽ 0109/19 നമ്പറായി ഏറ്റെടുത്ത വാരനാട് എൽ.പി. സ്കൂൾ അറ്റകുറ്റപ്പണി എന്ന പദ്ധതി സ്പിൽ ഓവറായി (പ്രോജക്ട് നമ്പർ 217/20), 2020-21ൽ പൂർത്തിയാക്കി. ഈ പ്രവൃത്തിക്കായി കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ.സതീഷ് കുമാറിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ച നൽകിയിട്ടുണ്ട്. ടെണ്ടർ പ്രകാരം എഗ്രീഡ് പി.എ.സി 389859.82രൂപയാണ്. അളവ് പുസ്തകം പുറം 20 പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 399653/-രൂപയാണ്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ എഗ്രീഡ് പി.എ.സിയിൽ പരിമിതപ്പെടുത്താതെ ബിൽ നമ്പർ 96/21/28.3.21 പ്രകാരം കരാറുകാരന് 399653/-രൂപയും നൽകിയതിനാൽ അധികമായി ചെലവഴിക്കപ്പെട്ട 9793/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-32 ഇ-ടെണ്ടർ ഫീസ്

ഗ്രാമപഞ്ചായത്ത് 2020-21 വർഷം ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 52238/- രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഒടുക്കു വരുത്തിയിരുന്നു. എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ ഓൺ ലൈനായി ക്രെഡിറ്റ് വന്ന ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെങ്കിലും ഓഡിറ്റ് സമയം വരേക്കും തിരികെ ലഭിച്ചിട്ടില്ല. തൻവർഷത്തെ ടെന്റർ ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 52238/- രൂപയും, മുൻവർഷങ്ങളിലേതായി ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും കണക്കാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 ഗ്രാമ പഞ്ചായത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ മികച്ച രീതിയിൽ സംഘടിപ്പിക്കുവാനും കുറ്റമറ്റരീതിയിൽ ഏകോപിപ്പിക്കുവാനും പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളിൽ നിതാന്ത ജാഗ്രത പഞ്ചായത്ത് പുലർത്തിപോരുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ആവശ്യങ്ങൾക്കായി വോളണ്ടിയേഴ്സിനെ നിയമിക്കുകയും അവർക്ക് മെഡിക്കൽ ഓഫീസർ മുഖാന്തിരം ഓറിയന്റേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഒന്നാം തരംഗം ഘട്ടത്തിൽ സൗജന്യ ഭക്ഷണ വിതരണത്തിനായി വിവധ വാർഡികളിലായി 46 വോളണ്ടിയേഴ്സിനേയും വാർഡുതല ആർ.ആർ.ടികളിൽ 2 സന്നദ്ധപ്രവർത്തകർ വീതം 46 പേരേയും നിയമിച്ചിരുന്നു. കൂടാതെ വിവിധ സി.എഫ്.എൽ.ടി.സികൾ, കൊറോണ കെയർ സെന്ററുകൾ എന്നിവിടങ്ങളിലായി 45 പേരേയും നിയമിച്ചിരുന്നു.

കോവിഡ് 19 രണ്ടാം തരംഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാർഡുതലത്തിൽ 50 വീടുകൾ ഉൾപ്പെടുത്തി ക്ലസ്റ്റർ രൂപീകരിക്കുകയും ഓരോ ക്ലസ്റ്ററിനും ഒരു വോളണ്ടിയർ എന്ന നിരക്കിൽ 23 വാർഡുകളിലായി 211 വോളണ്ടിയേഴ്സ് പ്രവർത്തിച്ചുവരുന്നു. കൂടാതെ ക്വാറണ്ടീനിലുള്ളവർ, അഗതികൾ, നിരാലംബർ, ഭിക്ഷക്കാർ എന്നിവർക്ക് ലോക്ക്ഡൗൺ കാലഘട്ടത്തിൽ കമ്മ്യൂണിറ്റി കിച്ചൺ വഴി ഭക്ഷണമെത്തിച്ച് നൽകിയിരുന്നു.

ഗ്രാമ പഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കോവിഡുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് വേണ്ട സഹായങ്ങൾ സമയബന്ധിതമായി നൽകുന്നതിനുമായി 24x7 എന്ന സമയക്രമത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു. ഹെൽപ്പ് ഡെസ്കിന്റെ പ്രവർത്തനത്തിന് മാത്രമായി പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കാകെ 2020-21ൽ 2291600/-രൂപയുടേയും 2021-22ൽ 2200000/-രൂപ വകയിരുത്തിയും പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റിന്റെ നേതൃത്വത്തിൽ പഞ്ചായത്ത്തല കമ്മറ്റി, വാർഡുതല ജാഗ്രതാസമിതി, വാർഡുതല ക്ലസ്റ്റർ സമിതി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കോവിഡ് 19 ഒന്നാം ഘട്ടത്തിൽ കരിക്കാട് സെന്റ് ജോസഫ് പാരിഷ് ഹാളിൽ 90 കിടക്കകളും കെ.വി.എം എഞ്ചിനീയറിംഗ് കോളേജിൽ 300 കിടക്കകളുള്ളതുമായ രണ്ട് CFLTC കൾ പ്രവർത്തിച്ചിരുന്നു. ആയത്

12/2020 വരെ തുടരുകയും ബഹു. ജില്ലാകളക്ടറുടെ നിർദ്ദേശാനുസരണം പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതുമാണ്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ CFLTC പരിപാലന കമ്മറ്റി പ്രവർത്തിച്ചിരുന്നു. CFLTC യിലേക്ക് ഡൊണേഷൻ, സ്പോൺസർഷിപ്പ് വഴി സാധനസാമഗ്രികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ CFLTC യുടെ പ്രവർത്തനത്തിനായി 2020ൽ ദുരന്തനിവാരണ നിധിയിൽ നിന്നും ആകെ 50,00,000/-രൂപ ലഭിച്ചിട്ടുള്ളതും 95,61,573/- വികസന, തനത് ഫണ്ട് ഉൾപ്പെടെ ചെലവഴിച്ചിട്ടുണ്ട്. ഈയിനത്തിൽ നിലവിൽ 45,61,573/-രൂപ ജില്ലാ ദുരന്ത നിവാരണ നിധിയിൽ നിന്നും ലഭിക്കാനുള്ളതായും ഗ്രാമപഞ്ചായത്ത് അറിയിച്ചു. രണ്ടാംതരംഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നിർദ്ദേശാനുസരണം കരിക്കാട് സെന്റ് ജോസഫ് പാരിഷ് ഹാളിൽ 80 കിടക്കകൾ സജ്ജീകരിച്ച് ഡി.സി.സി പ്രവർത്തനം ഏപ്രിൽ 2021 ആരംഭിച്ച് പ്രവർത്തിച്ചുവരുന്നതായി പഞ്ചായത്ത് അറിയിച്ചു. സമീപ പ്രദേശത്ത് ഡി.സി.സിയുടെ പ്രവർത്തനം ഇല്ലാത്ത സാഹചര്യത്തിൽ ചേന്നംപള്ളിപ്പുറം, വയലാർ, ചേർത്തല നഗരസഭ, ചേർത്തല സൗത്ത്, കഞ്ഞിക്കുഴി, മുഹമ്മ എന്നീ പഞ്ചായത്തുകളിൽ നിന്നുമുള്ള രോഗബാധിതരേയും സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ പ്രവർത്തനത്തിനായി ഡി.ഡി.എം.എയിൽ നിന്നും 30,00,000/-രൂപ ലഭിച്ചിട്ടുള്ളതും നിലവിൽ 40,40,000/-രൂപ തനത് ഫണ്ടുൾപ്പെടെ ചെലവ് വന്നിട്ടുള്ളതായും ഗ്രാമ പഞ്ചായത്ത് അറിയിച്ചു.

കുടുംബശ്രീ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുകയും സൗജന്യ ഊണിനുള്ള തുക അനുവദിക്കുന്നതിനായി 2020-21ൽ പ്രോജക്ട് നമ്പർ 169 ആയി 300,000/-രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുകയും 1,48,463/- രൂപ ചെലവഴിച്ചിട്ടുണ്ട്.

2021 മെയ് 10 മുതൽ സമ്പൂർണ്ണ ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് ക്വാറണ്ടീനിലുള്ളവർ, അഗതികൾ, നിരാലംബർ, ഭിക്ഷക്കാർ എന്നിവർക്ക് കമ്മ്യൂണിറ്റി കിച്ചൺവഴി ഭക്ഷണ വിതരണം ജൂലൈ 17 വരെ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പണമായും സാധനമായും ലഭിച്ച സംഭാവനകൾക്ക് കൃത്യമായ കണക്കുകൾ സൂക്ഷിച്ച് ചെലവഴിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് അറിയിച്ചു.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രസിഡന്റിന്റെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി എല്ലാ പ്രതിരോധ പ്രവർത്തനങ്ങളുടേയും ദൈനംദിന മോണിറ്ററിംഗ് നടത്തുന്നു. കോവിഡുമായി ബന്ധപ്പെട്ട വിവര ലഭ്യത കൃത്യമാണെന്ന് ഉറപ്പാക്കി ബന്ധപ്പെട്ട അധികൃതരെ അറിയിക്കുന്നു.

ഹോം ക്വാറണ്ടീനിൽ കഴിയുന്നവർക്ക് ഉപയോഗിക്കാനായി 23 പൾസ് ഓക്സി മീറ്റർ വാങ്ങി മെഡിക്കൽ ഓഫീസർ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.

പ്രവാസികളുടെ തിരിച്ചുവരവിൽ ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്തിയതിനുള്ള ചെലവുകൾ പ്രത്യേകമായി DDMAയ്ക്ക് നൽകിയിട്ടുണ്ടെന്നും പഞ്ചായത്തിന്റെ ചെലവിനത്തിൽ തുക അനുവദിച്ചിട്ടില്ലായെന്നും പ്രവാസികളെ പാർപ്പിച്ച ഹോട്ടലിന് വാടകയിനത്തിൽ 90000/-രൂപയും അനുവദിച്ചിട്ടുള്ളതായും പഞ്ചായത്ത് അറിയിച്ചു. കൂടാതെ 04.10.2021വരെ പഞ്ചായത്തിൽ 4875പേർ കോവിഡ് പോസിറ്റീവ് ആയിട്ടുണ്ട്. 54പേർ മരണപ്പെട്ടിട്ടുണ്ട്.

ശാരീരിക അകലം സാമൂഹിക ഒരുമ

കോവിഡ് മഹാമാരിയുടെ വ്യാപനകാലത്ത് തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ ഏറെ പ്രസക്തവും ശ്ലാഘനീയവുമായ ആശയമാണ് ശാരീരിക അകലം സാമൂഹിക ഒരുമ എന്ന ആശയം. രണ്ട് വ്യക്തികൾ കുടകൾ ചൂടി ടന്നാൽ അവർക്കിടയിലുള്ള അകലം 2 മീറ്റർ ഉണ്ടാകുമെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് പശ്ചാത്തലത്തിൽ പൊതുസ്ഥലങ്ങളിൽ സഞ്ചരിക്കുന്ന എല്ലാ പഞ്ചായത്ത് നിവാസികളും കുട ചൂടണമെന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനായി കുടുംബശ്രീ മുഖാന്തിരം കുറഞ്ഞ നിരക്കിൽ കുടകൾ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തിരുന്നു. പന്തീരായിരം കുടകൾ ഇത്തരത്തിൽ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടിരുന്നു. രണ്ട് പ്രധാന നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയായിരുന്നു ഈ ആശയത്തിന് പിന്നിൽ.

1. സാമൂഹിക അകലം പാലിക്കൽ.

2. ലോക്ക് ഡൗൺ കാലത്ത് കുടുംബശ്രീ യൂണിറ്റുകൾക്ക് ചെറുതെങ്കിലും ഒരു വരുമാന മാർഗ്ഗം സാധ്യമാക്കൽ.

കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് കുടകൾ നൽകുന്നതിന് പഞ്ചായത്ത് നേരിട്ട് 20% സബ്സിഡിയും വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ വ്യക്തിഗത ആനുകൂല്യമായി കുടകൾ നൽകുന്നത് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്തതിനാൽ ഇതിനായി സംസ്ഥാന കോർഡിനേഷൻ കമ്മറ്റിയുടെ പ്രത്യേക തീരുമാനം ലഭ്യമാക്കുകയുണ്ടായി. ഉപഭോക്താക്കൾക്ക് വാങ്ങുന്ന കുടയുടെ വില ഒന്നിച്ച് ഒടുക്കുക സാധ്യമല്ലാത്തതിനാൽ 8 ഗഡുക്കളായാണ് തുക ഈടാക്കിയത്. കുടുംബശ്രീ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന മാരാരി മാർക്കറ്റിംഗ് കമ്പനിയിൽ നിന്നാണ് കുടകൾ വാങ്ങിയത്. കുടുംബശ്രീ യൂണിറ്റുകൾ വഴി 6000 കുടകൾ വിപണിയിലെത്തിക്കുന്നതിന് കഴിഞ്ഞു. 20% സബ്സിഡി ടി കമ്പനിയിലേക്ക് നേരിട്ട് നൽകുകയും ബാക്കി തുക കുടുംബശ്രീ മുഖാന്തിരം ഒടുക്കുകയുമാണ് ചെയ്തത്. സാമൂഹ്യ മാധ്യമങ്ങളിൽ ഏറെ ശ്രദ്ധ പിടിച്ചുപറ്റിയ ഈ പദ്ധതിക്ക് അന്യസംസ്ഥാനങ്ങളിൽ പോലും സ്വീകാര്യത നേടാനായി. തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് മുന്നോട്ട് വെച്ച ഈ ആശയത്തിന്റെ ചുവടു പിടിച്ച്

കുടുംബശ്രീ സംസ്ഥാന മിഷൻ ഇത് സംസ്ഥാനവ്യാപകമായി നടപ്പാക്കുവാൻ തീരുമാനിക്കുകപോലും ചെയ്തിരുന്നു.

KUDUMBASREE RAPID ACTION AGAINST COVID 19 (KRAAC)- അണുനശീകരണ ടീം

കോവിഡ് രോഗികൾ കഴിഞ്ഞു വന്നിരുന്ന വീടുകൾ, വിദേശ/അന്യസംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ നിന്നും നാട്ടിലെത്തുന്നവർ താമസിക്കുന്ന ക്വാറന്റൈൻ കേന്ദ്രങ്ങൾ അണുനശീകരണം നടത്തുന്നതിന് പല സന്നദ്ധസംഘടനകളും ഭയംമൂലം പിന്നാക്കം നിന്നിരുന്ന ഘട്ടത്തിൽ സാമൂഹികമായി ഏറ്റവും അനിവാര്യമായിരുന്ന ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിന് ധൈര്യപൂർവ്വം മുന്നോട്ട് വന്ന കുടുംബശ്രീ വനിതകളെ ഉൾപ്പെടുത്തി രൂപം നൽകിയ ഒരു സംവിധാനമാണ് KRAAC. ആദ്യഘട്ടത്തിൽ ഇതിൽ അംഗങ്ങളായിരുന്ന 9 പേർക്ക് യൂണിഫോം ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഒരുക്കി നൽകിയിരുന്നു. കൂടാതെ സി.ഡി.എസ്സിന്റെ വകയായി "കോവിഡ് രക്ഷാ കവച്" ഇൻഷുറൻസ് പോളിസി ലഭ്യമാക്കി. കോവിഡ് വ്യാപനത്തിന്റെ ഒന്നാംഘട്ടത്തിൽ ഈ ടീമിന്റെ സേവനം വ്യാവകമായി ഉപയോദപ്പെടുത്തുവാൻ സാധിച്ചു.

കോട്ടൺ മാസ്ക് നിർമ്മാണം

കോവിഡ് വ്യാപനത്തിന്റെ ഒന്നാംഘട്ടത്തിൽ മാസ്ക് നിർബന്ധമായ സാഹചര്യത്തിൽ സർജിക്കൽ/N95 മാസ്കുകൾക്ക് ആവശ്യക്കാർ ഏറിയതനുസരിച്ച് എല്ലാ വീടുകളിലും 2 കോട്ടൺ മാസ്കുകൾ വീതം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് പദ്ധതി ഏറ്റെടുത്തു. ഏകദേശം 10 കുടുംബശ്രീ യൂണിറ്റുകൾ വഴി മാസ്കുകൾ നിർമ്മിച്ച് ഒന്നിന് 10/- രൂപയിൽ താഴെ ചെലവിൽ 30,000 മാസ്കുകൾ വിതരണം ചെയ്യുവാൻ പഞ്ചായത്തിന് സാധിച്ചു. ഇത്തരത്തിൽ ലോകവ്യാപകമായി പടർന്ന് പിടിച്ച മഹാവ്യാധിയെ നേരിടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്ത ഉദ്യമം വളരെ ശ്ലാഘനീയമാണ്.

(1/31.8.21 നമ്പർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് മേൽ കുറിപ്പ് തയ്യാറാക്കിയിട്ടുള്ളത്.)

## 1-34 വിവിധ ശീർഷകങ്ങളിൽ ഫണ്ടുകൾ ചെലവഴിക്കാതവശേഷിക്കുന്നു.

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിന്റെ 2021 മാർച്ച് 31-ലെ ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ ഷെഡ്യൂൾ B-4 പ്രകാരം താഴെ പറയും പ്രകാരം ഉള്ള ഫണ്ടിനങ്ങളിൽ ബാധ്യത നിലനില്ക്കുന്നതായി കാണുന്നു. മേൽ ബാധ്യതയ്ക്കു തത്തുല്യമായ തുക ബാങ്ക് അക്കൌണ്ടുകളിൽ നീക്കിയിരിപ്പുള്ളതായി കാണുന്നു.

| ക്രമ നം. | ഫണ്ടിനം | തുക (രൂപ) |
|---|---|---|
| 1. | Centrally Sponsored Scheme- Integrated Child Development Scheme (ICDS) | 2971451 |
| 2. | Fund For Transferred Institutions - Development Of Scheduled Tribes- Capital | 581655 |
| 3. | Fund For Transferred Institutions - Others- Capital | 918429 |
| 4. | Literacy Scheme Grant | 456765 |
| 5. | Grant From Suchithwa Mission | 7198602 |

മേൽ തുകകൾ അതത് മേഖലകളിൽ ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഫണ്ടുകൾ യഥാസമയം നിർണ്ണയിക്കപ്പെട്ട ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ സാധിക്കുന്നില്ലായെങ്കിൽ തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 സ്ഥാപനനികുതി ഒടുക്കിയിട്ടില്ല

1994 ലെ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന തുക |
|---|---|---|---|
| 1 | എസ്.ബി.ഐ വാരനാട് | 1 & 2 | 2500 |
| 2 | തണ്ണീർമുക്കം ഹൌസിംഗ് സഹകരണ സംഘം A681 | 1&2 | 2500 |
| 3 | തണ്ണീർമുക്കം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A 809 | 1&2 | 2500 |
| 4 | വാരനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A 1248 | 1&2 | 2500 |
| 5 | വാരണം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് A1317 | 2-ാം അർദ്ധവർഷം | 1250 |
| 6 | ചെങ്ങണ്ട കയർ സഹകരണ സംഘം നം.A 555 | 1&2 | 2500 |
| 7 | കൊക്കോതമംഗലം മിൽമ സൊസൈറ്റി A150D | 1&2 | 2500 |
| 8 | വാരണം പുത്തനങ്ങാടി മിൽമ സൊസൈറ്റി139D | 1&2 | 2500 |
| 9 | തണ്ണീർമുക്കം ക്ഷീരോല്പ്പാദക സഹകരണസംഘം -287D | 1&2 | 2500 |
| 10 | കട്ടച്ചിറ കയർ സഹകരണ സംഘം നം 731 | 1&2 | 2500 |
| 11 | വാരനാട് സർവ്വീസ് സഹകരണ സംഘം നം 1248 | 1&2 | 2500 |
| 12 | പ്രിയദർശിനി വനിത കയർ വ്യവസായ സംഘം നം.935 | 1&2 | 2500 |
| 13 | ഇസാഫ് സ്വാശ്രയ അഗ്രോ കോപ്പറേറ്റീവ് സൊസൈറ്റി | 1&2 | 2500 |
| 14 | ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് | 1&2 | 2500 |

| | | | |
|---|---|---|---|
| | ലിമിറ്റഡ് | | |
| | ആകെ | | 38750 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാരനാട് സ്കൂൾ ഓഡിറ്റോറിയം റീ-വയറിംഗ് ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്തില്ല പഞ്ചായത്ത് ഫണ്ടിന് നഷ്ടം

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വാരനാട് സ്കൂൾ ഓഡിറ്റോറിയം റീ-വയറിംഗ് എന്ന പദ്ധതിയുടെ കരാറുകാരൻ എസ്റ്റിമേറ്റ് തുകയേക്കാൾ 1% കുറവ് നിരക്കിൽ പ്രവർത്തി ചെയ്യാമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത്. എന്നാൽ അന്തിമ ബില്ലിൽ നിന്നും ടെണ്ടർ റിഡക്ഷൻ കുറവ് വരുത്താതിരുന്നത് മൂലം പഞ്ചായത്തിന് 2041/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 146/2021 |
| പ്രോജക്ടിന്റെ പേര് | : | വാരനാട് സ്കൂൾ ഓഡിറ്റോറിയം റീ-വയറിംഗ് |
| നിർവ്വഹണം | : | സെക്രട്ടറി |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.കെ.ഐ.അജിത് പ്രസാദ് |
| അടങ്കൽ | | 220000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം ) |
| ചെലവ് | | 211582/- രൂപ<br>ബിൽ നം.45തീ.11.04.2020 (ACR പ്രകാരമുള്ളത്) |
| കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് | | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 1% കുറവ് |
| ആകെ വേലമൂല്യം | | 182167/-രൂപ |
| ടെണ്ടർ റിഡക്ഷൻ കുറവ് ചെയ്യേണ്ട തുക (1%) | | 1822/- രൂപ |
| കരാറുകാരന് അധികമായി അനുവദിച്ച തുക (12% ജി.എസ്.ടി ഉൾപ്പെടെ) | | 2041/-രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വേഷണ കുറിപ്പിന് (നം.2 തീയതി.06.10.2021) മറുപടി ലഭ്യമാക്കിയില്ല. അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കരാറുകാരന് അധികമായി അനുവദിച്ച 2041/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധിക ചെലവ് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

### 3-2 പരസ്യ ചാർജ്- അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടുന്നില്ല പഞ്ചായത്തിന് നഷ്ടം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പരസ്യ നിരക്കും മീഡിയ ലിസ്റ്റും അംഗീകരിച്ച് കൊണ്ടുള്ള 08.12.2015-ലെ ജി.ഒ(പി)നം.17/2015/പി.ആർ.ഡി നമ്പർ സർക്കാർ ഉത്തരവിലെ 4-ാം ഖണ്ഡികയിലും സർക്കാർ പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ടിന് അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണവും നിർവഹണവും എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.1/2021) താഴെപ്പറയും പ്രകാരം നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിലുള്ള വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും

തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| പത്രത്തിന്റെ പേര് | ബിൽ നം./തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് | ചെക്ക് നം./ തീയതി |
|---|---|---|---|---|
| ഹിന്ദു | 1718258/21.05.2020 | 10752/- | 1613 | 2921820/8.6.2020-LGTSB |
| ജനയുഗം | 2020050092/22.05.2020 | 2520/- | 378 | 2921820/8.6.2020-LGTSB |
| ജനയുഗം | 2020050089/22.05.2020 | 2100/- | 315 | |
| ജനയുഗം | 2020090055/02.09.2020 | 2520/- | 378 | 69142/15.9.2020-DCB |
| ജനയുഗം | 2020090189/11.09.2020 | 2100/- | 315 | 69191/14.10.2020-DCB |
| ജനയുഗം | 2020090199/11.09.2020 | 1680/- | 252 | |
| ആകെ | | | 3251/-രൂപ | |

അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നതിന്റെ കാരണം അന്വേഷിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20 തീയതി.21.102021) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവ് പ്രകാരം അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നതു മൂലം ഉണ്ടായ അധിക ചെലവ് (3251/-രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 സുഭിക്ഷ കേരളം-മുട്ടക്കോഴി വളർത്തൽ-രേഖകൾ ലഭ്യമല്ല- ചെലവ് തുക നിരാകരിക്കുന്നു

പ്രോജക്ട് നം.257

പ്രോജക്ടിന്റെ പേര്: സുഭിക്ഷ കേരളം-മുട്ടക്കോഴി വളർത്തൽ

അടങ്കൽ -തനത് ഫണ്ട് : 330000/-രൂപ

ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്): 330000/-രൂപ

ആകെ: 660000/-രൂപ

ചെലവ്:- 433400/-രൂപ (1.ചെക്ക് നം.2921895 തീയതി.03.12.2020- 66000/-രൂപ

2.ചെക്ക് നം.5161029 തീയതി.11.01.2021- 183150/-രൂപ

3.ചെക്ക് നം.5161030 തീയതി.11.01.2021- 117150/-രൂപ

4.ചെക്ക് നം.6944037 തീയതി.27.03.2021- 67100/-രൂപ

നിർവഹണം:- വെറ്ററിനറി സർജൻ

തണ്ണീർമുക്കം ഗ്രാമ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം മുട്ടക്കോഴി വിതരണം ചെയ്ത വകയിൽ കെ.എം.എഗ്ഗർ നഴ്സറി ഉടമ ശ്രീമതി.ബി.പ്രസന്നകുമാരിയുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് 433400/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ടി സ്ഥാപനത്തിൽ നിന്നുള്ള രണ്ട് ഇൻവോയിസുകൾ മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. പ്രസ്തുത ഇൻവോയിസുകൾ പ്രകാരം ആകെ 3330 മുട്ടക്കോഴികളെ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ബില്ലുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./ തീയതി | വിതരണം ചെയ്ത മുട്ടക്കോഴികളുടെ എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|
| 1 | 73/27.10.2020 | 1200 | 110 | 132000 |
| 2 | 234300110213074/ രേഖപ്പെടുത്തിയിട്ടില്ല. | 2130 | 110 | 234300 |
| | ആകെ | 3330 | | 366300 |

പദ്ധതി പ്രകാരം വിതരണക്കാരന് നല്കിയ തുകയുടെ (433400/-രൂപ) അടിസ്ഥാനത്തിൽ 110/- രൂപ നിരക്കിൽ ആകെ 3940 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യേണ്ടതായിരുന്നു. മേൽ ബില്ലുകൾ പ്രകാരം 610 കോഴിക്കുഞ്ഞുങ്ങൾ കുറവായാണ് വിതരണം ചെയ്തിരിക്കുന്നത്. ഇത്രയും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ സ്റ്റോക്ക് വിതരണ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26 തീയതി.22.10.2021) മറുപടി ലഭ്യമാക്കിയില്ല. 610 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റേയോ വിതരണം

ചെയ്തതിന്റേയോ രേഖകൾ ലഭ്യമല്ലാത്തതിനാൽ ഇതിനായി ചെലവഴിച്ച തുക 67100/-രൂപ (610x110) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 വാഹനവാടക-എൽ.എസ്.ജി.ഡി.- തുക അധികം നൽകി

2020-21 സാമ്പത്തികവർഷം തനത് ഫണ്ടിൽ നിന്നും 300000/-രൂപ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം ചെയ്ത സ്പിൽ ഓവർ പ്രോജക്ടാണ് വാഹനവാടക-എൽ.എസ്.ജി.ഡി.(പ്രോജക്ട് നം -S0165/21). എൽ.എസ്.ജി.ഡി. വിഭാഗത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നു.

ചെലവ് വിവരം

1)ചെക്ക് നം.644661തീയതി.28.4.20 തുക.74700/- 2) ചെക്ക് നം.2921821 തീയതി. 9.6.20 തുക.80700/-
3)ചെക്ക് നം.2636054 തീയതി. 18.8.20 തുക.57071/- 4)ചെക്ക് നം.2636055 തീയതി. 25.9.20 തുക.33936/-
5)ചെക്ക് നം.2921880 തീയതി. 30.10.20 തുക.26142/- 6)ചെക്ക് നം.5161021 തീയതി. 30.12.20 തുക.27451/-

എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് ആവശ്യത്തിനായി ഒരു വർഷക്കാലയളവിലേക്ക് വാഹനം വാടകയ്ക്ക് ഓടുന്നതിനായി എറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഓമനക്കുട്ടൻ.കെ.വി, കണ്ടത്തിൽ, വാരനാടിന്റെ ക്വട്ടേഷൻ 27.11.19 ലെ 19(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഓമനക്കുട്ടൻ.കെ.വിയും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിൽ 2.12.19തീയതിയിൽ 52/AE/LSGD/TKM നമ്പർ കരാർ ചമച്ചിട്ടുണ്ട്.18.3.20 ലെ തീരുമാനം(1) പ്രകാരം, ഓമനക്കുട്ടൻ.കെ.വിയുടെ KL32J 3252 എന്ന വാഹനം(സ്വിഫ്റ്റ് ഡിസയർ) ശ്യാംജിത്ത് എന്നയാൾക്ക് വിറ്റതിനാൽ, നിലവിലെ കരാർ വ്യവസ്ഥയനുസരിച്ച് വാഹനം വാടകയ്ക്ക് നൽകുന്നതിന് തയ്യാറാണെന്ന് ശ്യാംജിത്ത് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, 2019 ഡിസംബർ 2 മുതലുള്ള വേതനം ശ്യാംജിത്തിന് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചിട്ടുണ്ട്. കരാർ വ്യവസ്ഥ(1) പ്രകാരം, പ്രതിമാസം 1200കി.മീ. പരിധിക്ക് വിധേയമായിട്ടാണ് തുക (1200 കി.മീ. ഓടുന്നതിന് 24900/-രൂപ) അനുവദിക്കുന്നത്. മൂന്നുമാസം കൂടുമ്പോൾ 3600 കി.മീ. അധികരിക്കുകയാണെങ്കിൽ അധികം ഓടുന്ന കിലോ മീറ്ററിന് 18/- രൂപ പ്രകാരം അനുവദിക്കും. കരാർ പ്രകാരം 2.12.19 മുതൽ ഒരു വർഷകാലയളവിലേക്കാണ് വാഹനം വാടകയ്ക്ക് എടുത്തത്. എന്നാൽ ലോഗ്ബുക്ക് രേഖപ്പെടുത്തൽപ്രകാരം 31.10.20 വരെ മാത്രമാണ് വാഹനം ഉപയോഗിച്ചത്.യാത്രയുടെയും തുക അനുവദിച്ചതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

1)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അധികരിച്ച ദൂരം | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| ഡിസംബർ | 1532 | 1200 | 712 (4312-3600) | 74700/- | Payment Dec. =24900/- Jan.=24900/- Feb.=24900/- 74700/- (712 കി.മീ. Excess- Not Paid) |
| ജനുവരി | 1500 | 1200 | | | |
| ഫെബ്രുവരി | 1280 | 1200 | | | |
| ആകെ | 4312 | 3600 | | | |

2)

| മാസം | ഓടിയ ദൂരം (കി.മീ.) | അനുവദനീയ ദൂരം (കി.മീ) | അധികരിച്ച ദൂരം (കി.മീ) | അനുവദിച്ച തുക (ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|---|
| മാർച്ച് | 1398 | 1200 | 842 (4442-3600) | 80700/- (74700+ 6000) | Payment Mar.=24900/- Apr =24900/- May=24900/- 74700/- |
| ഏപ്രിൽ | 1182 | 1200 | | | |

| | | | | |
|---|---|---|---|---|
| | | | | Pre.bal.km =712km<br>Current K.m =842km<br>Total K.m = 1554km<br>Amt To Be Paid =<br>1554kmx18/-<br>=27972/-<br>Current<br>Payment=6000/-<br>Balance<br>Amt=21972/- |
| മെയ് | 1862 | 1200 | | |
| ആകെ | 4442 | 3600 | | |

3)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അനുവദിച്ച തുക(ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|
| ജൂൺ | 1416 | 1200 | 57071/-<br>(44135+12936) | June<br>Payment=24900/-<br>July Payment =<br>19235/-<br>Total = 44135/-<br>Pre.bal = 21972/-<br>Cur.payment =<br>12936/-<br>Balance = 9036/- |
| ജൂലൈ | 927 | 1200 | | |
| | | | | |

4)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അനുവദിച്ചതുക(ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|
| ആഗസ്റ്റ് | 1326 | 1200 | 33936/- | Augustpayment=24900/-<br>Pre.balance =9036/-<br>33936/- |
| ആകെ | | | | |

5)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അധികരിച്ചദൂരം | റിമാർക്സ് |
|---|---|---|---|---|
| ജൂൺ | 1416 | 1200 | 69 | Balance To Be Paid=69kmx18/-<br>=1242/- |
| ജൂലൈ | 927 | 1200 | | |
| ആഗസ്റ്റ് | 1326 | 1200 | | |
| ആകെ | 3669 | 3600 | | |

6)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അനുവദിച്ച തുക(ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|
| സെപ്റ്റംബർ | 1311 | 1200 | 26142/- | September Payment=24900/- Pre.balance =1242/- 26142 /- |
| ആകെ | | | | |

7)

| മാസം | ഓടിയ ദൂരം(കി.മീ.) | അനുവദനീയ ദൂരം | അനുവദിച്ച തുക(ചെക്ക് നം/തീയതി) | റിമാർക്സ് |
|---|---|---|---|---|
| ഒക്ടോബർ | 1544 | 1200 | 27451/- | October Payment=24900/- Extra Payment =2551/- 27451/- |
| ആകെ | | | | |

അപാകതകൾ

1) പട്ടിക ക്രമ നം.2 പ്രകാരം, ഏപ്രിൽ മാസം 1182 കി.മീ. ആണ് വാഹനം ഓടിയത്. ആയതിന് അനുവദിക്കാവുന്ന തുക = 24527/-. എന്നാൽ 24900/- നൽകി. 373/- രൂപ അധികം അനുവദിച്ചു.

2) പട്ടിക ക്രമ നം.7 പ്രകാരം, Extra Payment ഇനത്തിൽ 2551/- രൂപ അനുവദിച്ച് നൽകി. കരാർ പ്രകാരം, മൂന്നുമാസം കൂടുമ്പോൾ 3600 കി.മീ. അധികരിക്കുകയാണെങ്കിൽ അധികം ഓടുന്ന കിലോ മീറ്ററിന് 18/- രൂപ പ്രകാരം അനുവദിക്കും. 2019 ഡിസംബർ മുതൽ ആഗസ്റ്റ് 2020 വരെയുള്ള കാലയളവിൽ (മൂന്ന് മാസം കൂടുമ്പോൾ)അധികം ഓടിയ കിലോമീറ്ററിന് 18/-രൂപ നിരക്കിൽ തുക അനുവദിച്ചതാണ്. കരാർ വ്യവസ്ഥ പ്രകാരം, പിന്നീട് സെപ്റ്റംബർ,ഒക്ടോബർ,നവംബർ മാസങ്ങളിലെ 3600 കിലോമീറ്ററിൽ അധികമായി വരുന്ന ദൂരത്തിനാണ് തുക അനുവദിക്കേണ്ടത്. എന്നാൽ ഒക്ടോബർ മാസത്തെ വേതനത്തോടൊപ്പം Extrapayment ഇനത്തിൽ 2551/-രൂപയും അനുവദിച്ച് നൽകി. സെപ്റ്റംബർ,ഒക്ടോബർ എന്നീ 2 മാസങ്ങൾ കഴിഞ്ഞപ്പോൾ തന്നെ കരാർ വ്യവസ്ഥ ലംഘിച്ച് തുക നൽകി. ലോഗ്ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം കരാർ തീയതിയായ 2.12.19 മുതൽ 31.10.20 വരെയാണ് വാഹനം ഓടിയിട്ടുള്ളത്.

3) ലോഗ് ബുക്കിലെ യാത്രകൾ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/21.10.21) അധികം അനുവദിച്ച് നൽകിയ തുക തിരികെ ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ക്രമ നം.1,2 പ്രകാരം അധികം അനുവദിച്ച് നൽകിയ 2924/- രൂപ വാഹന ഉടമയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 സുഭിക്ഷ കേരളം-താറാവ് വിതരണം- അധിക തുക ചെലവഴിച്ചു- പഞ്ചായത്തിന് നഷ്ടം

പ്രോജക്ട് നം.262/21

പ്രോജക്ടിന്റെ പേര്: സുഭിക്ഷ കേരളം-താറാവ് വിതരണം

അടങ്കൽ -തനത് ഫണ്ട് : 300000/-രൂപ

ഗുണഭോക്തൃ വിഹിതം(സ്ഥാപനത്തിൽ അടയ്ക്കുന്നത്): 300000/-രൂപ

ആകെ: 600000/-രൂപ

ചെലവ്:- 283200/-രൂപ (1.ചെക്ക് നം.6944036 തീയതി.27.03.2021- 91200/-രൂപ

2.ചെക്ക് നം.5161036 തീയതി.30.01.2021- 96000/-രൂപ

3.ചെക്ക് നം.2921894 തീയതി.03.12.2020- 96000/-രൂപ)

നിർവഹണം:- വെറ്ററിനറി സർജൻ

ഈ പദ്ധതി പ്രകാരം 120/- രൂപ നിരക്കിൽ 2360 താറാവുകളെ വിതരണം ചെയ്ത തോമസ് നഴ്സറി എന്ന സ്ഥാപനത്തിന് മേൽ ചെക്കുകൾ പ്രകാരം ആകെ 283200/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ (പേജ് നം.80), വിതരണ

രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ആകെ 2320 താറാവുകളെ മാത്രമെ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുള്ളു എന്ന് വ്യക്തമായി. സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്യാതിരുന്ന 40 താറാവിനായി ചെലവഴിച്ച 4800/-രൂപ (40x120) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 വാരനാട് എൽ.പി. സ്കൂൾ അറ്റകുറ്റപ്പണി- അധികചെലവ്

പ്രോജക്ട് നമ്പർ -217/20 അടങ്കൽ- 400000/-സംരക്ഷണ ഗ്രാന്റ് റോഡിതരം

കരാറുകാരൻ- ശ്രീ. സതീഷ് കുമാർ

എഗ്രീഡ് പി.എ.സി- 389859.82

എഗ്രിമെന്റ് നമ്പർ 42/AE/LSGD/18-19/14.9.2018

അളവ് പുസ്തകം - 22/18-19

2018-19 ൽ 0109/19 നമ്പറായി ഏറ്റെടുത്ത വാരനാട് എൽ.പി. സ്കൂൾ അറ്റകുറ്റപ്പണി എന്ന പദ്ധതി സ്പിൽ ഓവറായി (പ്രോജക്ട് നമ്പർ 217/20), 2020-21ൽ പൂർത്തിയാക്കി. ഈ പ്രവൃത്തിക്കായി കുറഞ്ഞ നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ.സതീഷ് കുമാറിന്റെ ടെണ്ടർ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിച്ച നൽകിയിട്ടുണ്ട്. ടെണ്ടർ പ്രകാരം എഗ്രീഡ് പി.എ.സി 389859.82രൂപയാണ്. അളവ് പുസ്തകം പുറം 20 പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യം 399653/-രൂപയാണ്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ എഗ്രീഡ് പി.എ.സിയിൽ പരിമിതപ്പെടുത്താതെ ബിൽ നമ്പർ 96/21/28.3.21 പ്രകാരം കരാറുകാരന് 399653/-രൂപയും നൽകിയതിനാൽ അധികമായി ചെലവഴിക്കപ്പെട്ട 9793/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം നൽകി

പ്രോജക്ട് നം -S0252/21 സുഭിക്ഷകേരളം മത്സ്യകൃഷി -പടുതാക്കുളം

അടങ്കൽ-282900(വികസന ഫണ്ട്), ചെലവ്-160446/-

ബിൽ നം-1/18.3.21-27628/-, ബിൽ നം-4/24.3.21-132818/-

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവഹണം നടത്തിയ ഈ പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ആനുകൂല്യം നൽകാവുന്നതിന്റെ വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ വി.ജോസഫ്, ക്രിസ്ഡെയിൽ എന്ന വ്യക്തിയുടെ കുടുബവാർഷിക വരുമാനം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലാണ് റേഷൻ കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടി വ്യക്തി ആനുകൂല്യത്തിന് അർഹനാണോ എന്നത് സംബന്ധിച്ച് പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ ഒന്നിലധികം പഞ്ചായത്തുകളിൽ ഒരേസമയം പദ്ധതി നിർവ്വഹണം നടത്തേണ്ടിവന്നതിനാൽ ടിയാളുടെ വരുമാനം സംബന്ധിച്ച കാര്യങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോയതാണെന്ന് അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ടി വ്യക്തിക്ക് അനർഹമായി നൽകിയ 15748/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഫിഷറീസ് സബ് ഇൻസ്പെക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 24,00,000 | ലൈഫ് ഭവന പദ്ധതി | 24,00,000 | 00 |
| | 2020-21 | 1,00,000 | അംഗനവാടി പോഷകാഹാരം | 1,00,000 | 00 |
| | 2020-21 | 319500 | സാന്ത്വനം പദ്ധതി | 319500 | 00 |
| | 2020-21 | 2,00,000 | പാലിന് സബ്സിഡി | 2,00,000 | 00 |
| | 2020-21 | 1,89,924 | കതിർമണി നെൽകൃഷി | 1,89,924 | 00 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,25,060 | സാന്ത്വനം പദ്ധതി | 2,25,060 | 00 |
| | 2020-21 | 8,28,425 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 8,28,425 | 00 |

| | | | | |
|---|---|---|---|---|
| 2020-21 | 3,76,000 | കതിർമണി നെൽകൃഷി | 3,76,000 | 00 |
| 2020-21 | 10,00,000 | ഇനിഞ്ഞാനൊഴുകട്ടെ | 10,00,000 | 00 |
| 2020-21 | 15385 | തരിശു രഹിത പച്ചക്കറി | 15385 | 00 |

മുൻവർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ നാളിതുവരെ ചെലവഴിക്കപ്പെടാതെ 12,90,749/- രൂപ അവശേഷിക്കുന്നു. ആയത് ചെലവഴിക്കുവാനാകുന്നില്ലെങ്കിൽ തിരികെ ഒടുക്കുവരുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ട താണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഈയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിട്ടിക്ക് നൽകിയ 2,00,000/-രൂപയും കെ.എസ്.ഇ.ബി.ക്ക് നൽകിയ 1895393/-രൂപയും നാളിതുവരെ ചെലവഴിക്കപ്പെടാത്തതായി ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 4320000 | 60171354 | 4505642 | 00 | 59985707 |

തിരിച്ചടവായി കാണിച്ചിട്ടുള്ള തുക ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | 2020-21 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8834111 |
| തൻവർഷം നിക്ഷേപിച്ച തുക | 679544 |
| ആകെ | 9513655 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9513655 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 162797 | 191019/12.12.20 |

| | | |
|---|---|---|
| | 9350858 | 2348618/31.3.21 |
| ആകെ | 9513655 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|
| 2010-11 | | 3200 | പ്രവീൺകുമാർ | 958796100069/ 30.9.20 | 180400101 |
| 2010-11 | | 600 | രാജ് പ്രദീപ് | 120010104440/ 13.1.21 | 180400101 |
| | | 700 | രാജേശ്വരി | 120010104453/ 13.121 | 180400101 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 138157574 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 139952620 |
| വരവിനങ്ങളിലുള്ള നഷ്ടം | 38750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 105657 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2316425 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-1 | 38750 | 00 | പി.സി.സേവ്യർ<br>സെക്രട്ടറി |
| 3-1 | 00 | 2041 | പി.സി.സേവ്യർ<br>സെക്രട്ടറി |
| 3-2 | 00 | 2306 | പി.സി.സേവ്യർ<br>സെക്രട്ടറി |
| | | 945 | അബ്ദുൾഖാദർ എ<br>സെക്രട്ടറി |
| 3-3 | 00 | 67100 | ഡോ.സ്മിത വിൽസൺ<br>വെറ്ററിനറി സർജ്ജൻ |
| 3-4 | 00 | 2924 | ശ്രീമതി.സിനി.ആർ.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 00 | 4800 | ഡോ.സ്മിത വിൽസൺ<br>വെറ്ററിനറി സർജ്ജൻ |
| 3-6 | 00 | 9793 | ശ്രീമതി.സിനി.ആർ.എസ് |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | 0 | 15748 | ശ്രീമതി.സിനി.ആർ.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 38750 | 105657 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 610722 | ഡോ.അമ്പിളി.എ<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി തണ്ണീർമുക്കം |
| 1-21 | 321503 | ഡോ.കെ.വി.മോഹൻദാസ്<br>മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-23 | 112600 | പി.സി.സേവ്യർ<br>സെക്രട്ടറി |
| 1-25 | 21600 | അബ്ദുൾഖാദർ എ<br>സെക്രട്ടറി |
| 1-28 | 1250000 | ഡോ.സ്മിത വിൽസൺ<br>വെറ്ററിനറി സർജ്ജൻ |
| ആകെ | 2316425 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 22237 | ശ്രീമതി.സിനി.ആർ.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-25

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അബ്ദുൾഖാദർ എ<br>സെക്രട്ടറി | വിരമിച്ചു | കൊച്ചുകമ്പിപുരയിടം<br>വലിയകുളംവാർഡ് ആലപ്പുഴ |
| ഡോ.സ്മിത വിൽസൺ<br>വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ<br>വെറ്ററിനറി ഹോസ്പിറ്റൽ മുട്ടത്തിപ്പറമ്പ് | ആറാട്ടുകുളം ഹൗസ്, ചെത്തി പി.ഒ |
| പി.സി.സേവ്യർ<br>സെക്രട്ടറി | സെക്രട്ടറി<br>കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | പുല്ലുരുത്തിക്കരി, സി.എം.സി-2,<br>ചേർത്തല പി.ഒ |
| ശ്രീമതി.സിനി.ആർ.എസ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>തണ്ണീർമുക്കം, ഗ്രാമപഞ്ചായത്ത് | നന്ദനം, കൊല്ലംപുഴ, ആറ്റിങ്ങൽ |
| ഡോ.അമ്പിളി.എ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി തണ്ണീർമുക്കം | അശ്വതി, മുഹമ്മ പി.ഒ, ആലപ്പുഴ |

| | | |
|---|---|---|
| സി.എച്ച്.സി തണ്ണീർമുക്കം | | |
| ശ്രീമതി.രജി.ജി.വി<br>കൃഷി ഓഫീസർ | അസിസ്റ്റന്റ് കൃഷി ഓഫീസർ ചേർത്തല | ലഭ്യമാക്കിയില്ല |
| ഡോ.കെ.വി.മോഹൻദാസ്<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | വിരമിച്ച. | തോണിപ്പുരയ്ക്കൽ,<br>മരുത്തോർവട്ടം പി.ഒ<br>ചേർത്തല |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99<br>(വരവ്-ചെലവ്) | എൽ.എഫ്.ജി.എ5/1182/2011/19.01.2012 |
| 2001-02<br>(ചെലവ്-പദ്ധതി വിഹിതം ഒഴികെ) | എൽ.എഫ്.ജി.എ5-1182/11/19.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1182/11/19.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1182/11/19.01.12 |
| 2005-06<br>(ചെലവ്) | എൽ.എഫ്.ജി.എ5-1182/11/19.01.12 |
| 2006-07 | എൽ.എഫ്.ജി.എ16-925/10/19.02.11/28.02.11 |
| 2007-08 | എൽ.എഫ്.ജി.എ9-603/11/10.01.12/13.06.12 |
| 2008-09 | എൽ.എഫ്.ജി.എ9-374/12/06.07.12/03.09.12 |
| 2009-10 | എൽ.എഫ്.ജി.എ9-343/12/06.07.12/03.09.12 |
| 2010-11&<br>2011-12 | എൽ.എഫ്.എ.പി1-625/12/21.01.14/15.03.14 |
| 2012-13 | എൽ.എഫ്.എ.പി1-101/15/07.04.15/29.06.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി1/1033/15/15.09.15/17.10.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി1-819/2016/26.07.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി1-1255/16/15.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി13-1124/17/13.09.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി/പി13-1619/2018/10.01.2019 |
| 2018-19 | കെ.എസ്.എ.എ.എൽ.പി/പി13-904/2019/29.11.2019 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്